Vol. 01 Issue No. 10
2012 July

## അന്വേഷണ വീഥികളിൽ......

2. ക്രിസ്തുവിനു നേരെ..
സത്യപ്രകാശ് ഡി.

3. എഡിറ്റോറിയൽ



4 പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതോ?
ജെ.സി.ദേവ്.

13. ദൈവത്തിന്റെ ഏകത്വം,
അനിൽകുമാർ വി അയ്യപ്പൻ.

19. യേശുമിശിഹ ഏതു പക്ഷത്ത്? 8
അസ്‌ലൻ ബർക്കർ

24. സാത്താന്റെ കുത്തും യേശുവിന്റെ പാപസുരക്ഷിതത്ത്വവും.
ബ്ര: ജോർജ്ജ് ജോൺ.



35. പാപപരിഹാരം ക്രിസ്തുവിൽക്കൂടെ മാത്രം.
പാസ്റ്റർ ചാക്കോ ആന്റണി
പരപ്പനങ്ങാടി.

# സീക്കേഴ്സ് പാത്ത്
SEEKERS Path

**Advisory Board**
C.D.Thomas
J C Dev
P. I. Abraham
K.O.Thomas

**ContributingEditors**
George John
V S Kunnathu kuzhiyil
Anil Kumar V Ayyappan

**Circulation Manager**
V K Surendran Pulpally

Cover Disigning
Libin Thomas

**Circulation Assistants**
Prince mathew Wayanad, Shajahan Malayil Malappuram, Lijo Joseph Thadiyoor Kottayam, Cheriyan Chandy Kozhikode.

Editing & Publishing C D Varghese P.O.Box No:7, Pullad P.O, Thiruvalla. 9447518465

# ക്രിസ്തുവിനു നേരെ.........

സത്യപ്രകാശ് ഡി.

ഇളം പൈതലായിരിക്കെത്തന്നെ യേശുവിനെ ഇല്ലായ്മ ചെയ്തു എന്ന ചിന്തയിൽ ഭരണവർഗ്ഗവും മതനേതാക്കന്മാരും ആശ്വസിച്ചു അതുകൊണ്ടു തന്നെ തത്ക്കാലത്തേക്ക് തുടർനടപടികൾ ഒന്നു ഉണ്ടായില്ല. പിന്നീട് തങ്ങൾക്കു ഭീഷണിയാകുന്ന യാതൊന്നും തന്നെ ഇല്ലെന്ന ഭരണകർത്താക്കളുടെ ചിന്തകൾക്ക് വിഘ്നം വന്നത് സ്നാപകയോഹന്നാന്റെ രംഗപ്രവേശത്തോടെയായിരുന്നുവല്ലോ. തിന്മക്കെതിരെ ശബ്ദമുയർത്തിയ അദ്ദേഹത്തെ കഴുത്തറുത്തു കൊന്നുകൊണ്ടാണ് പ്രതിയോഗികൾ തങ്ങളുടെ ക്രൂരത വെളിപ്പെടുത്തിയത്.

യേശു തന്റെ പ്രവർത്തനം ആരംഭിച്ചതോടെ സാത്താൻ താനും ശക്തിയോടെ രംഗത്തു വന്നു. ഒരു ഭാഗത്ത് ഭരണവർഗ്ഗവും മറുഭാഗത്ത് മതനേതൃത്വവും യേശുവിനെ പാടേ തുടച്ചു നീക്കാനുള്ള ശ്രമം ആരംഭിച്ചു. കുരുടർക്കു കാഴ്ച നല്കി ആശ്വാസമായതോ, രോഗികളെ സൗഖ്യമാക്കി സന്തോഷം പകർന്നതോ, മരിച്ചവരെ ഉയിർപ്പിച്ചു ബന്ധുജനങ്ങളുടെ കണ്ണുനീരൊപ്പിയതോ, കുഷ്ഠരോഗികളെ ശുദ്ധരാക്കി ജനമദ്ധ്യേ നില്ക്കുവാൻ പ്രാപ്തരാക്കിയതോ ഭൂതബാധിതരെ വിടുവിച്ച് നന്മ ചെയ്തതോ ഒന്നും പരിഗണനാർഹമായി കാണാതെ കപട ആത്മീയ നേതൃത്വം യേശുവിനെ പലതവണ കൊല്ലാൻ ശ്രമിച്ചു. നന്മയ്ക്കെതിരെ തിന്മയുടെ ആക്രോശം! നിന്ദയുടെ, പരിഹാസത്തിന്റെ കൂരമ്പുകൾ!! അവയ്ക്കെതിരെ പൊരുതാതെ, അക്ഷമനാകാതെ, ശാന്തനായി, സൗമ്യനായി, പുഞ്ചിരി തൂകി, അശരണർക്ക് ആശ്വാസമേകി ആ യോഗി നാടുമുഴുവൻ ചുറ്റിസഞ്ചരിച്ചു. കൊല്ലാനൊരു അവസരം പാർത്തു പ്രതിയോഗികളും.

(തുടരും.....)



# എഡിറ്റോറിയൽ

ഇത് സമരങ്ങളുടെയും സമര മുറകളുടെയും കാലമാണല്ലോ. കാണുന്നതിനും കേൾക്കുന്നതിനു മൊക്കെ തുടരെത്തുടരെയുള്ള ഹർത്താലും വഴിതടയലും പൊതുമുതൽ നശിപ്പിക്കലും അക്രമവും ഒക്കെ ജന ദ്രോഹമായി മാറുകയാണ്. വ്യക്തി സാതന്ത്ര്യത്തിന്മേലുള്ള കടന്നു കയറ്റമായി പരിണമിക്കുന്ന ഇത്തരം നടപടികൾ പാടേ വർജ്ജിക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു. സമര ൾ അനിവാര്യമാണ്. പക്ഷെ, അത് ഗുണത്തേക്കാളേറെ വിനാശമായി, വേദനയായി മാറുന്നത് അനുകൂലി ക്കാനാവില്ല. ഇവയുടെ നഷ്ടങ്ങൾ നാളത്തെ ഭാരമായി നമ്മുടെ മേൽ തന്നെ വന്നു പതിക്കുമെന്നത് നാം തിരിച്ചറിയേണ്ടതുണ്ട്. ഇവ യഥാർത്ഥത്തിൽ സമരങ്ങളല്ല. അതിക്രമങ്ങളാണ്. രാഷ്ട്രീയ പാർട്ടികളോ മതസംഘടനകളോ ഒന്നും പൊതുമുതൽ നഷ്ടപ്പെടുത്തുന്ന വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നതോ ആയ ഇത്തരം പ്രവണതകൾ പ്രോത്സാഹിപ്പിക്കാതിരിക്കുവാൻ ശ്രമിക്കണം.

ഹർത്താലിൽ വാഹനങ്ങൾ നിരത്തിലിറങ്ങാത്തതും വ്യാപാര സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുന്നതും ഒക്കെ ജനപിന്തുണയായി തെറ്റിദ്ധരിച്ച് തങ്ങളുടെ സമരം വിജയിച്ചെന്നു ധരിക്കുന്നവരാണ് ഭൂരിപക്ഷവും. എന്നാൽ അതല്ല സത്യം. ദേഹോപദ്രവം ഭയന്നും നാശനഷ്ടങ്ങളിൽ വേവലാതി പൂണ്ടുമാണ് ജനം പുറത്തിറങ്ങാത്തതെന്നതാണ് വാസ്തവം. വന്നുഭവിക്കുന്ന നാശനഷ്ടങ്ങൾ സ്വയം അനുഭവിക്കേണ്ടതിനാൽ അതു ഭവിക്കാതെ നോക്കേണ്ടതു അവരവരുടെ ഉത്തരവാദിത്വമാണല്ലോ. ഇവിടെ നിസ്സഹായരായ ജനത്തെ മുതലെടുക്കുന്ന അക്രമങ്ങൾ ഒഴിവാക്കി സമാധാനപരവും ലക്ഷ്യബോധവുമുള്ള നുതന മാർഗ്ഗങ്ങൾ അവലംബിക്കുകയാണ് കരണീയമായിട്ടുള്ളത്. നാളെ എന്നത് നഷ്ടങ്ങളുടെയും കടബാധ്യതയുടെയും നാളുകളാകാതിരിക്കാൻ നാശനഷ്ടങ്ങളുണ്ടാക്കുന്ന ഇന്നത്തെ പ്രവണത വെടിയേണ്ടിയിരിക്കുന്നു. അത് സർക്കാരിന്റെ കൂടെ ബാധ്യതയാണ്.

സസ്നേഹം,
എഡിറ്റർ,
സി.ഡി.വർഗീസ്.

> “ആകാശം ദൈവത്തിന്റെ മഹത്ത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു.” (സങ്കീർത്തനങ്ങൾ 19:1)

# പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടതോ?

ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.
ഉല്പത്തി 1:1

**ജെ.സി.ദേവ്.**



പ്രപഞ്ചത്തിനു ആരംഭമുണ്ടോ? പ്രപഞ്ചം സ്വയംഭൂവാണെന്നു വാദിക്കുന്നവരുണ്ട്. പക്ഷെ, ശാസ്ത്രം അവരോട് വിയോജിക്കുന്നു. പ്രപഞ്ചത്തിനു ആരംഭമുണ്ടെന്നും, അതു സൃഷ്ടിക്കപ്പെട്ടതാണെന്നും ശാസ്ത്രം തെളിയിച്ചു കഴിഞ്ഞു. ( The Universe is Born by Norman Carlisle, in “Coronet’ Dec:1949. Space and Spirit by Sir Edmund Whitlaker F.R.S).

ജോൺസ് ഹോപ്കിൻസ് യൂണിവേഴ്സിറ്റിയിലെ ഡോ.റോബർട്ട് സി. ഹെർമനും ഡോ.റാൾഫ് അൽഫറും, ജോർജ്ജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ പ്രൊ: ജോർജ്ജ് ഗമോവുമാണ് വിവിധ ശാസ്ത്രജ്ഞന്മാരുടെ ഗവേഷണ ഫലങ്ങളുടെ പശ്ചാത്തലത്തിൽ ഈ വാദഗതിയെ സ്ഥിരീകരിച്ചത്. ഹർവാർഡ് ഒബ്സർവേറ്ററിയിലെ ബാർട്ട് ബോക്ക്, ഫ്രാങ്ക് എൽ, വിപ്പിൾ തുടങ്ങിയ ജ്യോതിശാസ്ത്രജ്ഞന്മാർ കൂടുതൽ തെളിവുകൾ നല്കിയിട്ടുണ്ട്.

### യുറേനിയം.

ഏറ്റം പൗരാണികമായ പാറക്കഷണത്തിലെ യുറേനിയത്തിനു നഷ്ടീഭവിച്ച രാദകശക്തിയുടെ ശതമാനക്കണക്കിൽ നിന്നാണ് ഒരു തെളിവ്. യുറേനിയത്തിന്റെ രാദകശക്തി മുഴുവൻ നഷ്ടപ്പെട്ട് ഈയമായിത്തീരുന്നതിനു അഞ്ചു സഹസ്രലക്ഷം (5 billion years) വേണം. പരീക്ഷണ വിധേയമായ ഏറ്റവും പഴകിയ പാറയിലെ യുറേനിയത്തിൽ 37 ശതമാനമത്രേ ഈയമായി മാറിക്കണ്ടത്. ഇതിൽ നിന്നു മനസ്സിലാക്കാം ഭൂമിക്കു രണ്ടു സഹസ്രലക്ഷം വർഷങ്ങളിലധികം പഴക്കമില്ലെന്ന്.

### പ്രകാശപഥം (Milky way)

രണ്ടാമത്തെ തെളിവ് പ്രകാശപഥത്തിന്റെ ഭ്രമണസംഖ്യയെ ആധാരമാക്കിയാണ് . ബോക്ക് എന്ന ശാസ്ത്രജ്ഞൻ പ്രകാശപഥം ബൃഹത്തായ ഒരു ചക്രം പോലെ ചുറ്റിക്കറങ്ങുന്നതായി കണ്ടു. ചക്രത്തിനു ചുറ്റും ലക്ഷോപലക്ഷം നക്ഷത്രങ്ങൾ ചിതറിക്കിടന്നു. ചക്രത്തിന്റെ നടുക്ക് ജ്വലിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രസമൂഹ (galaxy)

മാണുള്ളത്. പ്രകാശപഥത്തിന്റെ ചുറ്റൽ നക്ഷത്രക്കൂട്ടങ്ങളെ ചിന്നിച്ചിതറിക്കുന്നു. പ്രകാശപഥത്തിന്റെ ഓരോ ചുറ്റലിനു ശേഷവും ഒന്നിച്ചു കൂടിക്കിടക്കുന്ന ആ നക്ഷത്ര സമൂഹങ്ങൾ വിദൂരത്തേക്കു തെറിച്ചുമാറും. പ്രപഞ്ചം വികസിച്ചുകൊണ്ടാണിരിക്കുന്നത്. ബോക്കിനെ വിസ്മയിപ്പിച്ച ഒരു വസ്തുത യുണ്ട്. നൂറുനൂറു നക്ഷത്രക്കൂട്ടങ്ങൾ ഇനിയും ചിതറപ്പെടാതെ കട്ടകെട്ടിക്കിടക്കുന്നു. എന്നു പറഞ്ഞാൽ പ്രകാശപഥം (Milky way) പലവട്ടം കറങ്ങിയിട്ടില്ല എന്നർത്ഥം! അത് ഒരു പ്രാവശ്യം കറങ്ങുന്നതിനു 25 കോടി വർഷങ്ങൾ വേണ്ടിവരും. പത്തോ പതിന ഞ്ചോ പ്രാവശ്യം കറങ്ങിയിരുന്നെങ്കിൽ നക്ഷ ത്രക്കൂട്ടങ്ങൾ ആകെ ചിതറപ്പോയേനേ. എ ന്നാൽ, അതുണ്ടായില്ല. നിഗമനം ഇങ്ങനെയാണ്. പ്രകാശപഥം കൂടിയാൽ എട്ടു പ്രാവശ്യം കറ ങ്ങിക്കാണും. അതിനു രണ്ടു സഹസ്രലക്ഷം വർഷങ്ങളേ പഴക്കമുള്ളുവെന്ന്.

## ജീൻസിന്റെ ഊർജ്ജ വികിരണ തത്വം.

ആകാശഗ്രഹങ്ങളുടെയും, താര കാഗണങ്ങളുടെയും ഉള്ളിലെ ഊഷ്മാവ് അഥവാ ഊർജ്ജം വികിരണം മൂലം ശിഥിലീഭവിക്കുന്നതിൽ നിന്നു (from the loss of energy by radiation) സർ ജെയിംസ് ജീൻസ് പ്രപഞ്ചത്തിനു ആരംഭമുണ്ടെന്നു സമർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ പകർത്താം, "അതിനാൽ പ്രപഞ്ച ത്തിന്റെ പരമമായ പരിണാമം പ്രകാശ രൂപ മായി ശിഥിലീഭവിക്കുക എന്നതായിരിക്കും; അതായത് എരിഞ്ഞടങ്ങിക്കഴിയുക തന്നെ. അപ്പോൾ സൂര്യപ്രകാശമാകട്ടെ താരകാ പ്രകാശമാകട്ടെ ഉണ്ടായിരിക്കുകയില്ല. പിന്നെയോ വിശ്വമാകെ ഒരേ അളവിൽ വ്യാപി ച്ചിരിക്കുന്ന ശീതളമായ ഒരു പ്രകാശപ്രസ രണം മാത്രമേ ഉണ്ടായിരിക്കുകയുള്ളു. ഊഷ്മാവും പ്രകാശവും സാവധാനം ശിഥിലീഭവിച്ചു വരുന്നതായിട്ടാണ് ഇപ്പോഴു ള്ള അറിവു മുഴുവൻ. അങ്ങനെയെങ്കിൽ, ശിഥിലീകരണം ആരംഭിക്കുന്നതിനു മുമ്പു ഊഷ്മാവിന്റെയും ഊർജ്ജത്തിന്റെയും സംഭ രണവും, കേന്ദ്രീകര ണവും നട ന്നിരിക്കണം. അതിനു സൃഷ്ടികർമ്മം ആവശ്യമായിരിക്കുന്നു. അനിശ്ചിതമായ ഒരു ഭൂതകാലത്തിൽ അഥവാ, കാലങ്ങളിൽ ഒറ്റയായോ, പരമ്പരയായോ ഉള്ള ഒരു സൃഷ്ടികർമ്മം നടന്നിരിക്കാമെന്നാണ് ഇന്നോളം നമുക്കറിയപ്പെട്ടിട്ടുള്ളതും അനുഭ വപ്പെട്ടിട്ടുള്ളതുമായ സകല വസ്തുതകളും അത്യന്തം ശക്തിയോടെ നമ്മെ പ്രബോധി പ്പിക്കുന്നത്. പ്രപഞ്ചം ഇന്നതിലുള്ള ഘടക ങ്ങളിൽ നിന്നു യാദൃശ്ചികമായി ഉണ്ടായതല്ല. ഇന്നു കാണുന്നതുപോലെ അത് എക്കാലവും ആയിരിക്കുകയുമില്ല. (EOS.P-55) ഇവയിൽ നിന്നെല്ലാം പ്രപഞ്ചത്തിനു ഒരു ആരംഭമുണ്ട് എന്നു മനസ്സിലാക്കാം.

**"എല്ലാറ്റിനും ആദികാരണമായ വസ്തു സകല പൂർണ്ണതകളും തികഞ്ഞ ഒന്നായിരിക്കണം." (അരിസ്റ്റോട്ടിൽ). സകല പൂർണ്ണതകളും തികഞ്ഞ ഒരു വസ്തുവിനു പുതിയ പൂർണ്ണതകൾ പ്രാപിക്കുക സാദ്ധ്യമല്ല. കാരണം, പൂർണ്ണ തകൾ എല്ലാം അതിൽത്തന്നെ ഉണ്ടല്ലോ.**

## എന്നാൽ അതെങ്ങനെ?

പ്രപഞ്ചം എവ്വിധം രൂപം പ്രാപിച്ചു എന്നതിനു വിവിധ വിശദീകരണങ്ങൾ ഇന്നു കേൾക്കുന്നുണ്ട്. പ്രപഞ്ചത്തിന്റെ യഥാർത്ഥ ഉല്പത്തി എപ്രകാരമെന്നതിനെപ്പറ്റി പ്രധാനമായി രണ്ടു സിദ്ധാന്തങ്ങൾ മാത്രമേ ചിന്തനീയമായി കഴമ്പുള്ളതായിട്ടുള്ളു.

**1 നാമീ കാണുന്ന പ്രപഞ്ചം അസൃഷ്ടമാണ്.** എന്നു പറഞ്ഞാൽ ആദിമുതൽ പ്രപഞ്ചരൂപീകരണത്തിനു ഹേതുവായ മൂലപദാർത്ഥങ്ങൾ സ്ഥിതി ചെയ്തിരുന്നു എന്ന്. ആ മൂലപദാർത്ഥം ഒരുതരം അണുക്കളോ, ധൂളികളോ, പ്രഭാപടലമോ ആണ്. അവയുടെ യാദൃശ്ചിക സംയോഗത്താൽ ഈ പ്രപഞ്ചം രൂപവത്കൃതമായി. ഇപ്രകാരമാണു ഒരു കൂട്ടരുടെ വാദഗതി.

പ്രപഞ്ചത്തിനു ഒരു ആരംഭമുണ്ട് എന്നു നാം തെളിയിച്ചു കഴിഞ്ഞു. അതിൽ നിന്നു തന്നെ ശാസ്ത്രദൃഷ്ട്യാ ഈ വാദം സ്വീകാര്യമല്ലെന്നു സ്പഷ്ടം. അസംഖ്യം അണുക്കളുടെയോ, ധൂളികളുടെയോ, യാദൃശ്ചിക സംയോഗത്താൽ പ്രാപഞ്ചിക ഗോളങ്ങൾ രൂപമെടുത്തു എന്നു പറയുമ്പോൾ അതിൽ രണ്ടു സംഗതികൾ ഉൾക്കൊള്ളുന്നുണ്ട്. **ഒന്ന്,** ആദിമുതൽ സ്ഥിതി ചെയ്തിരുന്ന പ്രസ്തുത പദാർത്ഥങ്ങളുടെ അസ്ഥിത്വം. **രണ്ട്,** അവയുടെ യാദൃശ്ചികമായ സംയോജനം.

## ഇവ സ്വീകാര്യമോ?

നോക്കാം. **ഒന്ന്:** പ്രസ്തുത മൂലപദാർത്ഥം നിത്യമായി സ്ഥിതി ചെയ്തിരുന്നുവെന്നത് സ്വഭാവ വിരുദ്ധമാണ്. അസൃഷ്ട പദാർത്ഥം ആദിമുതൽ സ്ഥിതിചെയ്യാമെന്നു പണ്ഡിതനായ തോമസ് അക്വിനാസ് അഭിപ്രായപ്പെട്ടിട്ടുണ്ട്. അതു വാസ്തവമാണ്. എന്നാൽ, നാമീ കാണുന്ന പ്രപഞ്ചം നിർമ്മിക്കപ്പെട്ടിരിക്കുന്ന പദാർത്ഥം നിത്യമായിരിക്കാൻ (eternal) നിർവ്വാഹമില്ല. "എല്ലാറ്റിനും ആദികാരണമായ വസ്തു സകല പൂർണ്ണതകളും തികഞ്ഞ ഒന്നായിരിക്കണം." (അരിസ്റ്റോ ട്ടിൽ). സകല പൂർണ്ണതകളും തികഞ്ഞ ഒരു വസ്തുവിനു പുതിയ പൂർണ്ണതകൾ പ്രാപിക്കുക സാദ്ധ്യമല്ല. കാരണം, പൂർണ്ണതകൾ എല്ലാം അതിൽത്തന്നെ ഉണ്ടല്ലോ. അതാണല്ലോ സകല പൂർണ്ണതകളും തികഞ്ഞതെന്നു പറയുന്നത്. ശാസ്ത്ര ചിന്തകരുടെ അഭിപ്രായ പ്രകാരം പ്രപഞ്ചത്തിന്റെ മൂലദ്രവ്യങ്ങൾ സമയത്തിൽ സംയോജിക്കുകയും, പുതുതായ പൂർണ്ണതകളും രൂപവിശേഷണങ്ങളും പ്രാപിക്കുകയും, പ്രാപിച്ചു കൊ



**“ അവൻ ഭൂതലത്തിൽ മഴ പെയ്യിക്കുന്നു; വയലുകളിലേക്കു ജലം ഒഴുക്കുന്നു. അവൻ താണവരെ ഉയർത്തുന്നു; ദുഃഖിക്കുന്നവരെ രക്ഷയിലേക്കു കയറ്റുന്നു.”** (ഇയ്യോബ് 5:10,11)

ണ്ടിരിക്കുകയും ചെയ്യുന്നു. ഇക്കാരണത്താൽ, അവ ആദിയിൽ സകല പൂർണ്ണതകളും നിറഞ്ഞതല്ലായിരുന്നുവെന്നു സിദ്ധിക്കുന്നു. അങ്ങനെയെങ്കിൽ മുൻ പറഞ്ഞ സത്യം അനുസരിച്ച് അവ എല്ലാറ്റിനും ആദികാരണമായ വസ്തു ആയിരിക്കാൻ നിവൃത്തിയില്ല. ആദികാരണമായ വസ്തു സകല പൂർണ്ണതകളും തികഞ്ഞതായിരിക്കണമല്ലോ. ഇതിൽ നിന്നും പ്രപഞ്ച രൂപീകരണത്തിനു ഹേതുക്കളായെന്നു ഇവർ പറയുന്ന മൂല ദ്രവ്യങ്ങൾ ആദിമുതൽ സ്ഥിതി ചെയതിരുന്നില്ല എന്നു മനസ്സിലാക്കാം.

**രണ്ട്:** ഇനി ഏതെങ്കിലും വിധത്തിൽ മേൽ പ്രസ്താവിച്ച ദ്രവ്യങ്ങൾ ഉത്ഭവിച്ചു എന്നു സങ്കല്പിച്ചാൽത്തന്നെയും അവ യദൃശ്ചയാ കൂടിയോജിച്ച് നാമിന്നു കാണുന്ന നിശ്ചിത നിയമങ്ങളാൽ നയിക്കപ്പെടുന്ന ഈ അത്ഭുത പ്രപഞ്ചം രൂപമെടുക്കുന്നതെങ്ങനെ?

ഈ പ്രപഞ്ചത്തിലെ ഏതു നിസ്സാര വസ്തുവിനും അതന്റേതായ അന്ത്യമുണ്ടെന്നും, ആ അന്ത്യപ്രാപ്തിക്കായി അവ ഓരോന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നും അന്ത്യം പ്രാപിക്കുന്നുവെന്നും സസൂക്ഷ്മം പരിശോധിച്ചാൽ ബോധ്യമാകും. ഒരു പുഷ്പമെടുക്കൂ, വളർച്ച പ്രാപിക്കുന്ന ഘട്ടത്തിൽ മൃദുലവും ദുർബ്ബലവുമായ അതിലെ വിവിധ ഭാഗങ്ങൾ അണ്ഡകോശത്തിന്റെ സംരക്ഷണത്തിനായി യഥാകാലം സഹകരിച്ചു പ്രവർത്തിക്കുന്നതു കാണാം. പൂർണ്ണ വളർച്ച എത്തിയാൽ പിന്നെ പരാഗ വിതരണമാണു ലക്ഷ്യം. പ്രകൃതി തന്നെ അതിനു വേണ്ട ഏർപ്പാടുകൾ ചെയ്തു വെച്ചിട്ടുണ്ട്. വണ്ടുകളെയും, പൂമ്പാറ്റകളെയും, തേനീച്ചകളെയും ആകർഷിക്കുവാൻ പൂവിനു സൗന്ദര്യവും, ഗന്ധവും, തേനും നല്കിയിരിക്കുന്നു. ശത്രുക്കളിൽ നിന്നു രക്ഷപ്രാപിക്കുവാൻ കൂട്ടത്തിൽ മുള്ളുകളും! ഇതെല്ലാം ആ പുഷ്പത്തിന്റെ ബീജവിതരണത്തിനും വർദ്ധനവിനും വേണ്ടി സജ്ജീകരിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ ഓരോന്നിനും ഓരോ അന്ത്യപ്രാപ്തിക്കുതകുന്ന സംവിധാനങ്ങൾ നല്കിയിട്ടുണ്ട്.

ഒരു വസ്തു അതിന്റെ ആന്തരികമോ ബാഹ്യമോ ആയ ഏതെങ്കിലും അന്ത്യപ്രാപ്തിക്കു വേണ്ടി സ്വയം പ്രവർത്തിക്കണമെങ്കിൽ അതിനു വിശേഷബുദ്ധി ആവശ്യം. അല്ലെങ്കിൽ വിശേഷബുദ്ധിയുള്ള മറ്റൊന്നു അതിനെ നയിക്കുവാനുണ്ടാകണം. പ്രപഞ്ചത്തിന്റെ മൂലവസ്തുക്കളായ അണുക്കളും മറ്റും ബുദ്ധിരഹിതങ്ങളാകയാൽ അവയെ നിശ്ചിത അന്ത്യപ്രാപ്തിക്കായി സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുവാൻ ഒരു ബാഹ്യശക്തി അവയിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഒരു പരാശക്തിയുടെ പ്രവർത്തനഫലമായിരിക്കണം അങ്ങനെ സംഭവിച്ചത്. അല്ലാതെ, യാദൃശ്ചികമായാണു ഈ പ്രപഞ്ചം രൂപമെടുത്തതെങ്കിൽ അതിൽ നിക്ഷിപ്തമായിരിക്കുന്ന മഹാശക്തി വിശേഷങ്ങളും അവയെ നിയന്ത്രിക്കുന്ന സനാതന നിയമങ്ങളും എവിടെ നിന്നു ലഭിച്ചു എന്നോ ആരാൽ നല്കപ്പെട്ടു എന്നോ വിശദമാക്കുക അസാദ്ധ്യമാണ്. ഇതിൽ നിന്നും പ്രപഞ്ച രൂപീകരണത്തിനു അണു സൃഷ്ടിവാദം

ക്കളും മൂലകങ്ങളും മറ്റും തനിയെ യോജിച്ച് പ്രവർത്തിച്ചിരിക്കാൻ നിവൃത്തിയില്ലെന്നു അനുമാനിക്കാം.

## സൃഷ്ടിവാദം.

പ്രപഞ്ചോത്ഭവത്തെ വിശദീകരിക്കുന്ന രണ്ടാമത്തെ സിദ്ധാന്തമാണ് സൃഷ്ടിവാദം. ഇക്കാണുന്ന പ്രപഞ്ചമാസകലം അതിന്റെ പൂർവ്വരൂപത്തിൽ ഒരു പരാശക്തിയാൽ സൃഷ്ടിക്കപ്പെട്ടുവെന്നാണ് ഈ വാദത്തിന്റെ സാരം. ഈ പ്രപഞ്ചത്തിനു ഒരു സൃഷ്ടി വസ്തുവിന്റെ സകല ഗുണങ്ങളും ഉണ്ടെന്നു ള്ളതാണ് ഈ വാദത്തിനു നിദാനമായി പറയുന്നത്. പരിമിതം (finite), അവശ്യംഭവമല്ലാത്തത് (contingent), സങ്കീർണ്ണം (multiple), മാറ്റത്തിനു വിധേയമായത് (mutable) ഇവയെല്ലാം ഒരു 'കാര്യ'ത്തിന്റെ ലക്ഷണങ്ങളാണ്. അപ്പോൾ കാര്യമാകുന്ന ഈ പ്രപഞ്ചത്തിനു ഒരു ആദികാരണമുണ്ടായിരിക്കണം. ആ 'കാരണ'ത്താൽ ഉരുവാക്കപ്പെട്ടതായിരിക്കണം ഈ പ്രപഞ്ചം. ഇപ്രകാരമുള്ള ഒരു പരാശക്തിയെ അംഗീകരിച്ചാലേ പ്രപഞ്ചത്തിലെ സംവിധാനവും, ലക്ഷ്യപ്രാപ്തിക്കായുള്ള പ്രാപഞ്ചിക വസ്തുക്കളുടെ ഗതിയും എല്ലാറ്റിനെയും നിയന്ത്രിക്കുന്ന സനാതന നിയമങ്ങളും വിവരിക്കാൻ കഴിയൂ.

സൃഷ്ടികർമ്മം എന്താണെന്നു മനസ്സിലാക്കുവാൻ ഒരു വിവരണം ആവശ്യമാണ്. ഒരു വസ്തുവിനെ മറ്റൊന്നായി മാറ്റുക സൃഷ്ടി പ്രവർത്തനമല്ല. കുശവൻ കളിമണ്ണു കൊണ്ട് ഒരു കലം മെനഞ്ഞെടുത്താൽ അദ്ദേഹം കലത്തിന്റെ സ്രഷ്ടാവാകുകയില്ല. കളിമണ്ണോ മറ്റു യാതൊരു വസ്തുക്കളുമോ കൂടാതെ സ്വന്ത ശക്തിയിൽ ഒരു കലം നിർമ്മിക്കുകയാണെങ്കിൽ അതദ്ദേഹത്തിന്റെ സൃഷ്ടിയാണെന്നു പറയാം. അപ്പോൾ, ഇല്ലാത്ത ഒന്നിനെ യാതൊരു പദാർത്ഥവും കൂടാതെ ഉണ്ടാക്കുകയാണ് സൃഷ്ടികർമ്മം.

## സൃഷ്ടികർമ്മം എങ്ങനെ?

**പ്രപഞ്ചോത്ഭവത്തെപ്പറ്റിയുള്ള രണ്ടു സിദ്ധാന്തങ്ങളിൽ ഒന്നാമത്തേതു സ്വീകാര്യമല്ലെന്നു നാം കണ്ടു കഴിഞ്ഞു. പിന്നെ സ്വീകാര്യമായത് സൃഷ്ടിവാദമാണ്. ശൂന്യതയിൽ നിന്നുള്ള പ്രപഞ്ചനിർമ്മാണത്തിൽ മൂന്നും, നാലും കാരണങ്ങൾ മാത്രമേയുള്ളു.**

**1. നിർമ്മാതാവിന്റെ കാരണം. 2 പരമ കാരണം.**

ഇല്ലായ്മയിൽ നിന്നു എങ്ങനെ ഒരു വസ്തു ഉണ്ടാകും? എപ്രകാരമാണ് ആ സൃഷ്ടികർമ്മം നടക്കുക? ഒരു വസ്തുവിന്റെ അസ്തിത്വത്തിനു ചുരുങ്ങിയത് നാലു കാരണങ്ങൾ ആവശ്യമാണെന്നാണ് അഭിജ്ഞമതം. അവ മനസ്സിലാക്കിയാൽ ഇതു ഗ്രഹിക്കാവുന്നതാണ്. അവയിൽ രണ്ടെണ്ണം വസ്തുവിന്റെ ഭാഗങ്ങൾ പോലെ അതിൽത്തന്നെ സ്ഥിതി ചെയ്യുന്നു. നിർമ്മാണ കാരണങ്ങൾ (Constitutive). ഒന്നാമത്തേതു വസ്തുവിനു പരിമാണത്തെ പ്രദാനം ചെയ്യുന്നു. വസ്തു സംബന്ധമായ കാരണം (Meterial cause) രണ്ടാമത്തേതു അതിനു സ്വഭാവത്തെ നല്കുന്നു. സ്വഭാവ സംബന്ധമായ കാരണം (Formal cause). ഇവയ്ക്കു രണ്ടിനും കൂടി ഒറ്റ ആസ്തിത്വമേയുള്ളുവെ

> " ഞാൻ ഭൂമിയെ ഉണ്ടാക്കി അതിൽ മനുഷ്യനെയും സൃഷ്ടിച്ചു; എന്റെ കൈ തന്നേ ആകാശത്തെ വിരിച്ചു അതിലെ സകല സൈന്യത്തെയും ഞാൻ കല്പിച്ചാക്കിയിരിക്കുന്നു". ( യെശയ്യാവ് 45:12)

ങ്കിലും ഇവ ആ വസ്തുവിന്റെ സാക്ഷാലുള്ളതും വ്യത്യസ്തവുമായ കാരണങ്ങൾ തന്നെ. മറ്റു രണ്ടു കാരണങ്ങൾ വസ്തുവിനു പുറമേയുള്ളതാണ്. ബാഹ്യകാരണങ്ങൾ (Extrinsic cause). ഇവയിൽ ഒന്നു വസ്തുവിന്റെ നിർമ്മാതാവാണ്. നിർമ്മാതാവിന്റെ കാരണം (Efficient cause) . മറ്റേതു നിർമ്മാണത്തിനു അയാളെ പ്രേരിപ്പിച്ചതും, അതുകൊണ്ട് അയാൾ ഉദ്ദേശിക്കുന്നതുമായ കാരണമാണ്. പരമകാരണം (Final cause).

ആശാരി നിർമ്മിച്ച ഒര മേശയിൽ മരവും, മേശക്കു സിദ്ധമായ ആകൃതിയുമാണ് ആദ്യത്തെ രണ്ടു കാരണങ്ങൾ. ആശാരിയും, അയാൾക്കു മേശ പണിയുവാനുള്ള ഉദ്ദേശ്യവുമാണ് മൂന്നും, നലും കാരണങ്ങൾ. ഈ നാലു കാരണങ്ങളും ഇല്ലാതിരിക്കെ (അതിനെയാണ് യഥാർത്ഥത്തിൽ ഇല്ലായ്മ എന്നു പറയുന്നത്) ഇല്ലായ്മയിൽ നിന്നും യാതൊന്നും ഉണ്ടാവുകയില്ല. അങ്ങനെയെങ്കിൽ പ്രപഞ്ചം സ്വയം ഉണ്ടായതാണോ?

പ്രപഞ്ചോത്ഭവത്തെപ്പറ്റിയുള്ള രണ്ടു സിദ്ധാന്തങ്ങളിൽ ഒന്നാമത്തേതു സ്വീകാര്യമല്ലെന്നു നാം കണ്ടു കഴിഞ്ഞു. പിന്നെ സ്വീകാര്യമായത് സൃഷ്ടിവാദമാണ്. (ശൂന്യതയിൽ നിന്നുള്ള പ്രപഞ്ച നിർമ്മാണത്തിൽ മൂന്നും, നാലും കാരണങ്ങൾ മാത്രമേയുള്ളു. **1. നിർമ്മാതാവിന്റെ കാരണം. 2 പരമകാരണം.**) മനുഷ്യവർഗ്ഗത്തിന്റെ ആരംഭം മുതലുള്ള വിശ്വാസം സൃഷ്ടി വാദത്തെ സംബന്ധിച്ചുള്ളതാകുന്നു. സർവ്വചരാചരങ്ങൾക്കു നിദാനമായ ഒരു പരമശക്തിയിൽ പ്രപഞ്ചം ഇല്ലായ്മയിൽ നിന്നും സൃഷ്ടിക്കപ്പെട്ടു. അതു സ്വയംഭൂ അല്ല.

## വിദഗ്ദാഭിമതങ്ങൾ.

സൃഷ്ടിവാദത്തെപ്പറ്റി ശാസ്ത്രത്തിന്റെ മനോഭാവം എന്താണെന്നു നാം കണ്ടു. ശാസ്ത്രജ്ഞന്മാർ ഇതേക്കുറിച്ചു എന്തു പറയുന്നു എന്നു അന്വേഷിക്കാം

### സർ ഐസക് ന്യൂട്ടൻ.

ആധുനിക ശാസ്ത്രാഭിവൃത്തിക്ക് നിദാനമായ ആകർഷണശക്തി കണ്ടുപിടിച്ച സർ ന്യൂട്ടൻ പറയുന്നതിപ്രകാരമാണ്. "സൂര്യനും, ചന്ദ്രനും, ഉല്ക്കകളും ഉൾപ്പെട്ട ഏറ്റവും മനോഹരമായ പ്രപഞ്ചമാകുന്ന ഈ യന്ത്രം ബുദ്ധിമാനായ ഒരാളുടെ കരുതലും ശക്തിയും മുഖേനയല്ലാതെ മറ്റൊരു വിധത്തിലും ഉണ്ടാകുന്നതല്ല. ("Natural Theology", Breeder.P-48).

### സ്റ്റീവർട്ട് (STEUVERT 1828-87).

പ്രകൃതിശാസ്ത്രത്തിൽ പാണ്ഡിത്യം സമ്പാദിക്കുകയും പല ഉത്കൃഷ്ട ഗ്രന്ഥങ്ങളും രചിക്കുകയും ചെയ്തിട്ടുള്ള സ്റ്റീവർട്ട് ഇങ്ങനെ പ്രസ്താവിക്കുന്നു. "ഒരു ദൈവം സ്ഥിതിചെയ്യുന്നുണ്ടെന്നും, അവിടുന്നു സർവ്വ വസ്തുക്കളുടെയും സ്രഷ്ടാവും പരിപാലകനുമാണെന്നുള്ള സംഗതി എത്ര യും വ്യക്തമായിട്ടുള്ളതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം." (Unseen Universe-p-47).

> "അവൻ തന്നെ ദൈവം. അവൻ ഭൂമിയെ നിർമ്മിച്ചുണ്ടാക്കി. അവൻ അതിനെ ഉറപ്പിച്ചു."
> (യെശയ്യാവ് 45:18)

ശാസ്ത്രത്തിന്റെ എല്ലാ വകുപ്പുകളിലും പ്രാവീണ്യം സമ്പാദിച്ച് പ്രപഞ്ചോത്ഭവത്തെപ്പറ്റി പുതിയ സിദ്ധാന്തങ്ങൾ രൂപീകരിച്ചു വിഖ്യാതി നേടിയ കെൽവിൻ പ്രഭു പറയുന്നു, " പ്രപഞ്ച വസ്തുക്കളെ സൃഷ്ടിക്കയും നിയന്ത്രിക്കയും ചെയ്യുന്ന ഒരു ശക്തിയുണ്ടെന്നു സയൻസ് ഖണ്ഡിതമായി പ്രബോധിപ്പിക്കുകയും ആ വസ്തു ഒരു പ്രമാണമായി സ്വീകരിക്കാൻ നമ്മെ നിർബ്ബന്ധിക്കയും ചെയ്യുന്നു." (Lord Kelvin,to the students of University College, London). സൃഷ്ടിവാദത്തിനു ഉപോത്ബലകങ്ങളായ വിദഗ്ദാഭിപ്രായങ്ങൾ ഇനിയും ഉദ്ധരിക്കേണ്ട ആവശ്യമില്ല.

## ആദിയിൽ ദൈവം..

പ്രപഞ്ചോത്ഭവ പ്രശ്നത്തിനു ഇന്നുവരെ കിട്ടിയിട്ടുള്ളതിൽ ശരിയായ ഉത്തരമാണ്, " ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പത്തി 1:1). "അവൻ തന്നെ ദൈവം. അവൻ ഭൂമിയെ നിർമ്മിച്ചുണ്ടാക്കി. അവൻ അതിനെ ഉറപ്പിച്ചു. (യെശയ്യാവ് 45:18). "ഞാൻ ഭൂമിക്കു അടിസ്ഥാനമിട്ടപ്പോൾ നീ എവിടെയായിരുന്നു? നിനക്കു വിവേകമുണ്ടെങ്കിൽ പ്രസ്താവിക്ക അതിന്റെ അളവു നിയമിച്ചവൻ ആർ? നീ അറിയുന്നുവോ? അല്ല, അതിനു അളവു നൂൽ പിടിച്ചവനാർ?" (ഇയ്യോബ് 38:4,5).

## സൃഷ്ടിയുടെ ദൈവശാസ്ത്രം.

സൃഷ്ടി കർമ്മത്തെക്കുറിച്ചു ചില കാര്യങ്ങൾ കൂടെ നാം മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇല്ലായ്മയിൽ നിന്നു (EX-Nihilo) വസ്തുക്കളെ സൃഷ്ടിക്കുന്നതിനുള്ള കഴിവ് ദൈവത്തിനു മാത്രമേയുള്ളു. സൃഷ്ടികർമ്മം വഴിയായി ശൂന്യാവസ്ഥയിൽ നിന്നും ഒരു വസ്തു ഭാവാവസ്ഥയിൽ വന്നുചേരുന്നു. ഇല്ലായ്മയും ഭാവാവസ്ഥയും തമ്മിലുള്ള അന്തരം അനന്തമാണല്ലോ. അനന്തമായ ഒരന്തരം തരണം ചെയ്യുന്നതിനു ഒരനന്തശക്തിക്കു മാത്രമേ കഴിയൂ. അനന്തശക്തനായി ദൈവം അല്ലാതെ ആരും ഇല്ലാത്തതിനാൽ ദൈവത്തിനു മാത്രമേ സൃഷ്ടിക്കുവാൻ കഴിയൂ.

ദൈവം സൃഷ്ടികർമ്മം നിർവ്വഹിച്ചത് അവിടുത്തെ ഇച്ഛാശക്തിയുടെ പ്രവർത്തനം കൊണ്ടാണ് (By an act of His Will). "അവിടുന്നു സംസാരിച്ചു; അവ നിർമ്മിക്കപ്പെട്ടു. അവിടുന്നു ആജ്ഞാപിച്ചു; അവ സൃഷ്ടിക്കപ്പെടുകയും ചെയ്തു." (സങ്കീർത്തനങ്ങൾ 33:6).

## പ്രപഞ്ചത്തിന് അന്ത്യമോ?

ഈ കാണുന്ന പ്രപഞ്ചത്തിനു ഒരു അന്ത്യമുണ്ടാകുമോ? പ്രപഞ്ചത്തിനു ഒരു ആരംഭം ഉണ്ടായിരിക്കണം എന്നു മനസ്സിലാക്കി. അങ്ങനെയെങ്കിൽ അതിനൊരന്ത്യവും ഉണ്ടാകണം. അന്ത്യം എന്നതുകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത് പ്രപഞ്ചം ഇന്നു കാണുന്ന രൂപത്തിൽ കാലാകാലത്തോളം നിലനില്ക്കയില്ലെന്നാണ്. എന്നുവെച്ച് അതു ശൂന്യാവസ്ഥയിലായിത്തീര

ണമെന്നില്ല. ഇതിനെക്കുറിച്ചു ശാസ്ത്രം എന്തു പറയുന്നു എന്നു നോക്കാം.

### ഗോളവികാസം.

പ്രപഞ്ചഗോളങ്ങൾ കാലം ചെല്ലുന്തോറും വികസിച്ചു വരുന്നതായി ശാസ്ത്രം സിദ്ധാന്തിക്കുന്നു. അപ്പോൾ, ഈ വീകാസം വർദ്ധിച്ച് ഒരിക്കൽ അവ പൊട്ടിപ്പിളരും. അപ്രകാരം പ്രപഞ്ചഗോളങ്ങളുടെ ആകൃതി ആകെ മാറും.

### തെർമോഡൈനാമിക്സ്.

ഭൗതികശാസ്ത്രത്തിൽ ഒരു തത്വമുണ്ട്. തെർമോഡൈനാമിക്സ് (Thermodynamics). ഇതനുസരിച്ച് പദാർത്ഥങ്ങൾ അന്യോന്യം പ്രവർത്തിക്കണമെങ്കിൽ അവ തമ്മിലുള്ള ഊഷ്മാവിനു വ്യത്യാസമുണ്ടായിരിക്കും. പദാർത്ഥങ്ങളുടെ ഈ പ്രതിപ്രവർത്തനം (Interaction) നടക്കുമ്പോൾ ഊർജ്ജം ചൂടുകൂടിയതിൽ നിന്നു ചൂടുകുറഞ്ഞതിലേക്കു വ്യാപിക്കുന്നു. നിശ്ചിതമായ ഈ അളവിൽ ഊഷ്മാവ് എത്തുമ്പോൾ അവ തമ്മിലുള്ള പ്രതിപ്രവർത്തനം അസാദ്ധ്യമായിത്തീരുന്നു. പ്രപഞ്ചത്തിലെ സകല വസ്തുക്കളും വികിരണം വഴി ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നുവെന്നാണ് ശാസ്ത്രം പറയുന്നത്. അങ്ങനെ താപം സമനിലയെ പ്രാപിച്ചു വരുന്നു. ഒരുകാലത്തു പദാർത്ഥങ്ങളിലുള്ള ഈ ഊഷ്മാവ് മേൽപ്രസ്താവിച്ച പ്രകാരം സമനിലയിൽ എത്തുമ്പോൾ പ്രതിപ്രവർത്തനം അസാദ്ധ്യമായിത്തീരുകയും പ്രാപഞ്ചികവസ്തുക്കൾ പ്രവർത്തനരഹിതമായ -നിശ്ചലമായ- ഒരവസ്ഥയിൽ എത്തിച്ചേരുകയും ചെയ്യും. ഇപ്രകാരമായിരിക്കാം ഒരുപക്ഷെ പ്രപഞ്ചത്തിന്റെ അന്ത്യം.

### ഭൂമിയുടെ അന്ത്യം.

സൂര്യഗോളത്തിന്റെ അന്തർഭാഗത്തുള്ള ഹൈഡ്രജൻ പരമാണുക്കൾ 20 ലക്ഷം ഡിഗ്രി ചൂടിൽ ഹീലിയമായി പരിണമിക്കയാണ്. ഇതു വളരെ മന്ദഗതിയിലാണ് നടക്കുന്നത്. ഹൈഡ്രജൻ കത്തിച്ചാമ്പലായിത്തീരുന്ന ഹീലിയം മുഴുവൻ ചൂടു അധികം പുറത്തു പോകാതെ മദ്ധ്യത്തിലുള്ള ഹൈഡ്രജനെ പൊതിഞ്ഞു നിർത്തുന്നു. കാലക്രമേണ ഈ പൊതിച്ചിലിനു കട്ടി കൂടി വരുന്നതു കൊണ്ടു സൂര്യന്റെ കേന്ദ്രത്തിലെ ഉഷ്ണം വർദ്ധിച്ചു വരുന്നു. ഇങ്ങനെ സൂര്യഗോളത്തിലെ ഊഷ്മാവ് കൂടിക്കൂടി ഒരു കാലത്ത് ഭൂമിയിലെ മഹാസമുദ്രങ്ങളെ മുഴുവൻ തിളപ്പിച്ച് തുടങ്ങുകയും അതോടെ ഭൂമുഖം ജീവജാലങ്ങൾക്കു നിവാസയോഗ്യമല്ലാ

**പരിണാമഗതി വർദ്ധിക്കുക നിമിത്തം സൂര്യൻ അതിവേഗത്തിൽ ജ്വലിച്ചു തീർന്നു അവസാനം ഒരു കുന്നു ചാമ്പൽ മാത്രമായി ശേഷിക്കും. അപ്പോൾ ഭൂതലം വീണ്ടും തണുത്തു മരവിച്ച് മഞ്ഞുകൊണ്ടു മൂടുകയും ചെയ്യും.**

**“നിന്റെ രക്ഷ എന്ന പരിചയെ നീ എനിക്കു തന്നിരിക്കുന്നു; നിന്റെ വലംകൈ എന്നെ താങ്ങി നിന്റെ സൗമ്യത എന്നെ വലിയവനാക്കിയിരിക്കുന്നു.”** (സങ്കീർത്തനങ്ങൾ 18:35)

തായിത്തീരുകയും ചെയ്യും. ഇതിനു 10,000,000,000 വർഷമെടുക്കും. പിന്നീട് പരിണാമഗതി വർദ്ധിക്കുക നിമിത്തം സൂര്യൻ അതിവേഗത്തിൽ ജ്വലിച്ചു തീർന്നു അവസാനം ഒരു കുന്നു ചാമ്പൽ മാത്രമായി ശേഷിക്കും. അപ്പോൾ ഭൂതലം വീണ്ടും തണുത്തു മരവിച്ച് മഞ്ഞുകൊണ്ടു മൂടുകയും ചെയ്യും. ‘‘നീ ഹിമത്തിന്റെ ഭണ്ഡാരത്തോളം ചെന്നിട്ടുണ്ടോ? കന്മഴയുടെ ഭണ്ഡാരം നീ കണ്ടിട്ടുണ്ടോ? ഞാൻ അവയെ കഷ്ടകാലത്തേക്കും പോരും പടയുമുള്ള നാളിലേക്കും സൂക്ഷിച്ചു വെച്ചിരിക്കുന്നു’’ (ഇയ്യോബ് 38:22,23). ഇതിനു വീണ്ടും 5,000,000 വർഷമെടുക്കും. അതു ഭൂമിയെപ്പറ്റി മാത്രമാണ് പറഞ്ഞതെങ്കിലും സൂര്യനെ ആശ്രയിച്ചു നില്ക്കുന്ന മറ്റു ഗ്രഹങ്ങളുടെ സ്ഥിതിയും ഏതാണ്ടിതു തന്നെയായിരിക്കുമെന്നു ഊഹിക്കാവുന്നതാണ്. അപ്പോൾ ശാസ്ത്രാഭിപ്രായ പ്രകാരം പ്രപഞ്ചം ഇക്കാണുംവിധം എന്നും നിലനില്ക്കുകയില്ലെന്നും, കേവലം വ്യത്യസ്തമായ ഒരവസ്ഥയിലേക്ക് പതിക്കുമെന്നും നമുക്കനുമാനിക്കാം.

## ചെയിൻ റിയാക്ഷൻ.

ഭൂമിയുടെ നാശത്തിനു മനുഷ്യൻ തന്നെ ഒരു കാരണമായേക്കാം. വൻ ശക്തികൾ ശേഖരിച്ചു വെച്ചിരിക്കുന്ന മാരകായുധങ്ങളുടെ സ്പോടകശക്തി അനേക കോടി മെഗാടെണ്ണാണ്. ഭൂമിയിലെ എല്ലാ മനുഷ്യരെയും 225 പ്രവശ്യം കൊല്ലുവാനുള്ള അണുവായുധങ്ങൾ ഇന്നു ഭൂമിയിലുണ്ട്. ഒരു ഇറ്റാലിയൻ ശാസ്ത്രജ്ഞനായ ഫെർമിയു കണ്ടുപിടിച്ച ചെയിൻ റിയാക്ഷൻ ആണ് (Chain Reaction) ഇവയ്ക്കെല്ലാം അടിസ്ഥാന പ്രമാണമായി നില്ക്കുന്നത്. ഒരു കണികയെ നാം ഒരു ന്യൂട്രോൺ എന്ന മൗലിക ശകലം (Fundamental Particle) കൊണ്ടു തകർക്കുന്നു. കണിക തകരുന്നതോടെ വേറെ കുറച്ചു ന്യൂട്രോണുകളും ഉല്പാദിപ്പിക്കപ്പെടുന്നു. ഇവ മറ്റു കണികകളെ തകർക്കുന്നതിനു ഉപയോഗിക്കുന്നു. ഇതു തുടരുന്നു. ഇതാണ് ചെയിൻ റിയാക്ഷൻ.

## റേഡിയോ ആക്ടിവിറ്റി.

ചെയിൻ റിയാക്ഷന്റെ പ്രതികരണങ്ങളെ തടുക്കുവാൻ ശാസ്ത്രത്തിനു ഇന്നു കഴിയും. ഇതിനകം അനേക ബോംബ് പരീക്ഷണങ്ങൾ തന്നെ നാം നടത്തിയല്ലോ. പക്ഷെ, മറ്റൊരു പ്രത്യാഘാതം നമുക്കു മിറകടക്കാനാവില്ല. റേഡിയോ ആക്ടിവിറ്റി. ബോംബ് സ്പോടനത്തിൽ നിന്നും ജീവനു ഹാനികരമായ ശകലങ്ങളും (Particle ഉദാ: ആൽഫാ, ബീറ്റാ), രശ്മികളും (ഉദാ: ഗാമ), പുറപ്പെടുവിക്കുന്ന കണികകൾ വായുമണ്ഡലത്തിൽ പറക്കും. അവ മനുഷ്യന്റെ വളർച്ചയെ നിയന്ത്രിക്കുന്ന ക്രോമോസോമുകളെയും, അവയ്ക്കുള്ളിലെ ജീവനുകളെയും ഹാനികരമായി ബാധിച്ചേക്കും. ഇതിൽ നിന്നും കാലും കൈയും നഷ്ടപ്പെട്ടതോ, ജന്മനാ മരിച്ചതോ ആയ ശിശുക്കൾ ഉണ്ടാകാം. ബോംബ് സ്പോടനങ്ങൾ നടത്തിയ പസഫിക്കിലെ ചില ദ്വീപുകളിലെ തവളക

ശേഷം 18 ാം പേജിൽ

# ബൈബിൾ രേഖപ്പെടുത്തുന്ന ദൈവത്തിന്റെ ഏകത്വം,

## അത് പിതാവും പുത്രനും പരിശുദ്ധാത്മാവും ഉൾക്കൊള്ളുന്ന ഏകത്വമാണ്!!

**അനിൽകുമാർ വി അയ്യപ്പൻ.**

അറുപത്താറ് പുസ്തകങ്ങളും ആയിരത്തി ഒരുനൂറ്റിഎൺപത്തൊമ്പത് അദ്ധ്യായങ്ങളും മുപ്പത്തോരായിരത്തി ഒരുനൂറ്റി എഴുപത്തിമൂന്നു വാക്യങ്ങളും ഏഴുലക്ഷത്തി അമ്പത്തിമൂവായിരത്തി ഒരുനൂറ്റിമുപ്പത്തിയേഴ് വാക്കുകളും മുപ്പത്തിയഞ്ചു ലക്ഷത്തി അറുപത്താറായിരത്തി നാനൂറ്റിയെൺപതു ൻ,ൽ,ർ,ൾ എന്നീ ചില്ലരങ്ങളുള്ളതും നാല്പതോളം എഴുത്തുകാരാൽ മൂന്നു ഭൂഖണ്ഡങ്ങളിൽ വെച്ചു ആയിരത്തഞ്ഞൂറ് വർഷങ്ങൾ കൊണ്ട് എഴുതപ്പെട്ടതുമായ ബൈബിൾ എന്ന നിസ്തുല്യ ഗ്രന്ഥത്തിൽ വെളിപ്പെടുന്ന പ്രപഞ്ചസ്രഷ്ടാവായ ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള ഈ പഠനത്തിൽ വിഷയം അവതരിപ്പിക്കുന്നതിനു മുമ്പ് ആമുഖമായി ചില കാര്യങ്ങൾ പറയുവാൻ താത്പര്യപ്പെടുന്നു.



'ദൈവത്തെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും എനിക്ക് അറിയണം' എന്നു വാശിപിടിക്കുന്ന ഒരു മനുഷ്യനും, ആകാശത്തിലെ പൂർണ്ണ ചന്ദ്രനെക്കണ്ട് 'എനിക്കു കളിക്കാൻ അതിനെ പിടിച്ചു തരണം' എന്നു വാശിപിടിച്ചു കരയുന്ന കുഞ്ഞും തമ്മിൽ വലിയ വ്യത്യാസമൊന്നും ഇല്ല. പിന്നെയും, തമ്മിൽ ഭേദം ആ കുഞ്ഞാണ്. അറിവില്ലായ്മ കൊണ്ടാണ് അത് അമ്പിളിയമ്മാവനെ പിടിച്ചു തരണമെന്നു പറയുന്നത്. വലുതായിക്കഴിയുമ്പോൾ ആ അറിവില്ലായ്മ മാറിക്കൊള്ളും. എന്നാൽ, ദൈവത്തെക്കുറിച്ചു സമ്പൂർണ്ണമായി അറിയണം എന്നാഗ്രഹിച്ചു നടക്കുന്ന ഒരാളുടെ അറിവില്ലായ്മ എന്നെങ്കിലും മാറും എന്നു ഇളം പുല്ലിനു തുല്യനായ മനുഷ്യന്റെ പരമിതമായ ബുദ്ധിമണ്ഡലത്തിൽ ഒതുങ്ങണം എന്നു ചിന്തിക്കുന്നതിലും വലിയ ഭോഷത്തം വേറെ ഏതാണുള്ളത്? തലയ്ക്കൊരടിയേറ്റാൽ മരവിച്ചു പോകുന്ന ബുദ്ധിക്കുള്ളിൽ അഖിലാണ്ഡത്തിന്റെയും സ്രഷ്ടാവിനെക്കുറിച്ചുള്ള കാര്യങ്ങൾ ഒതുങ്ങുമോ? ഒരിക്കലുമില്ല എന്നു നിസ്സംശയം പറയാം!!

ദൈവം തന്നെപ്പറ്റി വെളിപ്പെടുത്തിക്കൊടുത്തിട്ടുള്ള കാര്യങ്ങൾ മാത്രമേ മനുഷ്യർക്കു അറിയുകയുള്ളു. തന്നെക്കുറിച്ചു മനുഷ്യൻ എത്രത്തോളം അറിയണമെന്നാണോ ദൈവം ആഗ്രഹിച്ചത്, അത്രത്തോളം

**ബഹുദൈവാരാധികളുടെ നടുവിൽ നിന്നു പുറപ്പെട്ടു പോന്നു, ബഹുദൈവാരാധികളുടെ മദ്ധ്യേ വെച്ച് ചെയ്ത മോശെയുടെ ഈ പ്രഖ്യാപനം മനുഷ്യചരിത്രത്തിലെ അറിയപ്പെടുന്ന ആദ്യത്തെ ഏകദൈവ വിശ്വാസ പ്രഖ്യാപനമാണ്.**

പ്രതീക്ഷിക്കേണ്ടതില്ല. കാരണം, അറിവില്ലായ്മയാണ് തനിക്കുള്ളതെന്നു തിരിച്ചറിയാൻ പോലും ആ മനുഷ്യനു അറിവില്ല എന്നതാണ് ദയനീയമായ യാഥാർത്ഥ്യം! മറ്റുള്ളവരെക്കാൾ കൂടുതൽ അറിവ് തനിക്കുണ്ടെന്നും മറ്റുള്ളവർ ചിന്തിക്കാത്ത പലതും താൻ ചിന്തിക്കുന്നുണ്ടെന്നും അതുകൊണ്ടാണ് ദൈവത്തെപ്പറ്റി അറിയാൻ താൻ ഇങ്ങനെ ആഗ്രഹിക്കുന്നത് എന്നുമൊക്കെ ആയിരിക്കും അയാളുടെ ഉള്ളിലുള്ള വിചാരം. എന്നാൽ, സ്രഷ്ടാവായ ദൈവം, അപരിമിതനും സർവ്വജ്ഞാനിയും സർവ്വശക്തനും സർവ്വസാന്നിദ്ധ്യമുള്ളവനുമായ ദൈവം, തന്റെ സൃഷ്ടിയായ മനുഷ്യന്റെ, അരിഞ്ഞിട്ടാൽ വെയിലില്ലെങ്കിലും വാടിപ്പോകുന്ന കാര്യങ്ങൾ അവിടുന്നു തന്റെ മാറ്റമില്ലാത്ത വചനമായ ബൈബിളിലൂടെ വെളിപ്പെടുത്തിത്തന്നിട്ടുണ്ട്. അതിൽ കൂടുതൽ നമുക്ക് അവിടുത്തെക്കുറിച്ചറിയാൻ യാതൊരു നിർവ്വാഹവുമില്ല. അതുകൊണ്ടാണ് ബൈബിൾ ഇപ്രകാരം പറയുന്നത്: "മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവയ്ക്കുള്ളവയത്രേ. വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യാപ്രമാണത്തിന്റെ സകല വചനങ്ങളും അനുസരിച്ചു നടക്കേണ്ടതിനു എന്നേക്കും നമ്മൾക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു" (ആവർത്തനം 29:28) എന്ന്. ഇനി ദൈവത്തെക്കുറിച്ചു ദൈവം വെളിപ്പെടുത്തിത്തന്നിരിക്കുന്ന കാര്യങ്ങൾ എടുത്തു പരിശോധിച്ചാൽ, പല

**“ദൈവമേ, നിന്റെ വഴി വിശുദ്ധമാകുന്നു; നമ്മുടെ ദൈവത്തെപ്പോലെ വലിയ ദൈവം ആരുള്ളു?”** (സങ്കീർത്തനങ്ങൾ 77:13).

തും നമുക്കു ഗ്രഹിക്കാൻ പ്രയാസമേറിയതായിരിക്കും. അത് യുക്തിക്കു നിരക്കുന്നതുമായിരിക്കും കാരണം, ദൈവം നമ്മുടെ ബുദ്ധിക്കുള്ളിൽ ഒതുങ്ങുന്നവനല്ല എന്നതു തന്നെ! നമ്മുടെ യുക്തിക്ക് അതീതമായി അവിടുന്നു പ്രവർത്തിച്ചേക്കാം. പക്ഷെ, ഒരിക്കലും നമ്മുടെ യുക്തിക്ക് എതിരായി അവിടുന്നു പ്രവർത്തിക്കില്ല. കാരണം, അവിടുന്നു നമുക്കു നല്കിയ യുക്തിബോധത്തെ അവിടുന്നു മാനിക്കുന്നു.

ദൈവം മനുഷ്യബുദ്ധിക്കതീതനാണ്. മനുഷ്യനു പൂർണ്ണമായി അറിയാനോ ഗ്രഹിക്കാനോ ഭാവന ചെയ്യാനോ വാക്കുകൾ കൊണ്ടു വർണ്ണിക്കാനോ സാധിക്കാത്ത വണ്ണം ദൈവം മഹോന്നതനും ശാശ്വതനുമാണ്. പൊടിയിൽ നിന്നുത്ഭവിച്ചു മൺപുരകളിൽ പാർത്തു പുഴുപോലെ ചതഞ്ഞു പോകുന്ന മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയായി നിന്നുകൊണ്ടു നയമാത്യനായ സോഫർ ഇപ്രകാരം ചോദിക്കുന്നു: “ദൈവത്തിന്റെ അഗാധതത്വം നിനക്കു ഗ്രഹിക്കാമോ? സർവ്വശക്തന്റെ സമ്പൂർത്തി നിനക്കു മനസ്സിലാകുമോ? അതു ആകാശത്തോളം ഉയരമുള്ളത്; നീ എന്തു ചെയ്യും? അതു പാതാളത്തേക്കാൾ അഗാധമായത്; നിനക്കെന്തറിയാം?” (ഇയ്യോബ് 11:7,8). സ്രഷ്ടാവിനോടു ഉപമിക്കാൻ പറ്റാവുന്നതൊന്നും ഭൂമിയിൽ ഇല്ലാത്തതുകൊണ്ട് ദൃശ്യപ്രപഞ്ചത്തിലേക്കു നോക്കി ദൈവത്തെപ്പറ്റി സമ്പൂർണ്ണമായ അറിവ് ലഭിക്കാൻ മനുഷ്യനു സാദ്ധ്യമല്ല എന്ന യാഥാർത്ഥ്യം നാം അംഗീകരിക്കണം. അതുകൊണ്ടാണ് പ്രവാചകൻ ചോദിക്കുന്നത്: ‘‘ആകയാൽ നിങ്ങൾ ദൈവത്തെ ആരോടു ഉപമിക്കും? ഏതു പ്രതിമയെ നിങ്ങൾ അവനോടു സദൃശ്യനാക്കും? (യെശയ്യാവ് 40:18) എന്ന്.

മാത്രമല്ല, ബൈബിളിലെ ഏതൊരു വിഷയം പഠിക്കുമ്പോഴും ‘പുരോഗമനാത്മകമായ ദൈവിക വെളിപ്പാട്’ എന്ന ബൈബിളിന്റെ ആശയം മനസ്സിലുണ്ടായിരിക്കണം. ബൈബിൾ ഒരു മനുഷ്യന്റെ ജീവിതകാലത്തിനുള്ളിൽ എഴുതപ്പെട്ട പുസ്തകമല്ലാത്തതു കൊണ്ടു ബൈബിളിലെ എല്ലാ സത്യങ്ങളും ഒറ്റയടിക്ക് ഒരാൾക്കു വെളിപ്പെടുത്തിക്കൊടുക്കുകയല്ല ദൈവം ചെയ്തിരിക്കുന്നത്. മറ്റെല്ലാ കാര്യങ്ങളിലും എന്നപോലെ തന്നെക്കുറിച്ചുള്ള കാര്യങ്ങളും ദൈവം പടിപടിയായാണ് മനുഷ്യർക്കു അറിയിച്ചു കൊടുത്തിട്ടുള്ളത്. അതായത് ആദാമിനു ദൈവത്തെക്കുറിച്ചു അറിയാവുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ ഹാനോക്കിനു അറിയാമായിരുന്നു. ഹാനോക്കിനു ദൈവത്തെക്കുറിച്ചു അറിയുന്നതിനേക്കാൾ കൂടുതൽ കാര്യങ്ങൾ നോഹയ്ക്ക് അറിയാമായിരുന്നു. നോഹയേക്കാൾ കൂടുതൽ അബ്രഹാമിനും അബ്രഹാമിനേക്കാൾ കൂടുതൽ മോശെയ്ക്കും മോശയേക്കാൾ കൂടുതൽ ദാവീദിനും ദാവീദിനേക്കാൾ കൂടുതൽ പിൻതലമുറയിലുള്ളവർക്കും ദൈവത്തെക്കുറിച്ച് അറിയാമായിരുന്നു എന്നു സാരം. അതുകൊണ്ടാണ് എബ്രായലേഖനകാരൻ ഇപ്രകാരം പറയുന്നത്: “ ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്തു പുത്രൻ മുഖാന്തരം നമ്മോടു അരുളിച്ചെയ്തിരിക്കുന്നു” (എബ്രായർ 1:1) എന്ന്. ദൈവം തന്നെക്കുറിച്ചുള്ള വെളിപ്പാടുകൾ ലോകത്തിനു

" എന്നാൽ യഹോവ എന്നേക്കും വാഴുന്നു; ന്യായവിധിക്ക് അവൻ സിംഹാസനം ഒരുക്കിയിരിക്കുന്നു. അവൻ ലോകത്തെ നീതിയോടെ വിധിക്കും; ജാതികൾക്കു നേരോടെ ന്യായപാലനം ചെയ്യും."(സങ്കീർത്തനങ്ങൾ 9:7,8).

പണ്ടുമുതലേ നല്കിപ്പോരുന്നുണ്ടായിരുന്നെങ്കിലും ദൈവത്തിന്റെ ആത്യന്തിക വെളിപ്പാട് യേശുക്രിസ്തു മുഖാന്തരമാണ് നടത്തിയക്കുന്നത്. യോഹന്നാന്റെ സുവിശേഷത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു'' (യോഹന്നാൻ 1:18). മറ്റുള്ള പ്രവാചകന്മാരെല്ലാം 'ദൈവത്തെക്കുറിച്ച്' വെളിപ്പെടുത്തിയപ്പോൾ യേശുക്രിസ്തു 'ദൈവത്തെ' വെളിപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. ഇത് തമ്മിൽ വളരെ വലിയ വ്യത്യാസമുണ്ട്. പഠനം മുന്നോട്ടു പോകുമ്പോൾ ദൈവം അനുവദിച്ചാൽ നാം ആ വ്യതാസം എന്താണെന്നു തീർച്ചയായും മനസ്സിലാക്കും.

ഇത്രയും ആമുഖമായി പറഞ്ഞത്, നാം വിചിന്തനം ചെയ്യാൻ പോകുന്ന ഈ വിഷയം എത്രമാത്രം ഘനതരമായതാണെന്നും അപരിമേയനായ ദൈവത്തിന്റെ ആളത്വത്തെപ്പറ്റി സംസരിക്കാൻ പോകുന്ന എന്റെയും വായിക്കുന്ന താങ്കളുടെയും ബുദ്ധിയും ജ്ഞാനവും ഗ്രഹണശേഷിയും എത്രമാത്രം പരിമിതമായതാണ് എന്ന ബോധ്യമുള്ളതിനാലുമാണ്. അതിഗൗരവതരവും അതിഘനതരവുമായ ഒരു വിഷയമാണിതെങ്കിലും കാര്യങ്ങളെ വ്യക്തമായി ഗ്രഹിക്കാനും ബോധ്യപ്പെടാനും സർവ്വകൃപാലുവായ ദൈവം നമ്മുടെ ജ്ഞാനത്തെ വികസിപ്പിക്കുകയും ഹൃദയങ്ങളെ തുറക്കുകയും ബുദ്ധിയെ പ്രകാശിപ്പിക്കുകയും ചെയ്യുമാറാകട്ടെ എന്നു പ്രാർത്ഥിച്ചു കൊണ്ട് ഞാൻ വിഷയത്തിലേക്കു പ്രവേശിക്കുന്നു.

## 1 ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം ഏകനാണ്.

"റാ" എന്ന സൂര്യദേവനും "ഒസിരിസ്" എന്ന നൈൽ ദേവനും "ഹോറസ്" എന്ന മറ്റൊരു സൂര്യദേവനും "ആമെൻ റാ" എന്ന പൊതു ദേവനും മുതൽ നൈൽനദിയിലെ മുതലയും മുതലയുടെ ആഹാരമായ തവളയും മീനും മീനിനെ തിന്നുന്ന പൂച്ചയും പൂച്ചയുടെ ദേഹത്തു വന്നിരിക്കുന്ന ഈച്ചയും പേനും കുരങ്ങും കാളയും പശുവും കാളക്കുട്ടിയും വരെ ദൈവങ്ങളായിക്കരുതി ആരാധിക്കപ്പെട്ടു പോന്നിരുന്ന ഈജിപ്തിൽ 400 വർഷം അടിമകളായിക്കഴിഞ്ഞ ഇസ്രായേൽ ജനത്തെ യഹോവയായ ദൈവം തന്റെ ശക്തിയാലും ഭുജവീര്യത്താലും പ്രവാചകനായ മോശ മുഖാന്തരം വിടുവിച്ചു കൊണ്ടു വരുമ്പോൾ, "ബാൽ" എന്ന മൊസപ്പൊട്ടോമിയൻ ചന്ദ്രദേവനെയും (ഹോശയ 2:13, ഇത് അറേബ്യൻ പ്രദേശങ്ങളിൽ ''ഹുബാൽ'' എന്നറിയപ്പെട്ടിരുന്നു), "ബേൽ" എന്ന സൂര്യദേവനെയും (യിരെമ്യാവ് 50:2,44), ''ഹദദ്'' എന്ന അരാമ്യ ദേവനെയും, ''മോലെക്ക്'' എന്ന അമോന്യ ദേവനെയും (യിരെമ്യാവ് 32:35), "കൊമേശ്" എന്ന മൊവാബ്യ ദേവനെയും (1 രാജാക്കന്മാർ 11:7), "ദാഗോൻ എന്ന ഫെലിസ്ത്യ ദേശീയ ദേവനെയും (1 ശമുവേൽ 5:2), "നിബ്ഹസ്" എന്ന അശ്ശൂര്യ ദേവനെയും (2 രാജാക്കന്മാർ 17:31), "രിമ്മോൻ എന്ന അരാമ്യ ദേവനെയും (2 രാജാക്കന്മാർ 5:18), "കിയൂൻ" എന്ന നക്ഷത്ര ദേവനെയും (ആമോസ് 5:26),"തമ്മൂസ്" എന്ന കാമദേവനെയും (യെഹസ്ക്കേൽ 8:14), "അശേര" എന്ന സാഗരകന്യകയായ കാമദേവ

തയെയും (ന്യായാധിപന്മാർ 3:7), “നെബോ” എന്ന ബാബിലോന്യ ദേവനെയും (യെശയ്യാവ് 46:1), “അസ്തെരോത്ത്” എന്ന സന്താന ദേവതയെയും (ന്യായാധിപന്മാർ 2:13; 10:6), “അശീമ” എന്ന ഹമാത്യ ദേവനെയും (2 രാജാക്കന്മാർ 17:31), “അദ്രമേലെക്ക്” എന്ന ഉത്തര പശ്ചിമ മൊസപ്പൊട്ടോമിയൻ ദേവനെയും (2 രാജാക്കന്മാർ 17:31), ‘‘അനമേലെക്ക്’’ എന്ന ബാബിലോന്യ ആകാശദേവനെയും (2 രാജാക്കന്മാർ 17:31), “സിക്കൂത്ത്” എന്ന ബാബിലോന്യ നക്ഷത്ര ദേവനെയും (ആമോസ് 5:26), “മിൽക്കോം എന്ന അമ്മോന്യരുടെ മ്ലേച്ഛവിഗ്രഹത്തെയും (1 രാജാക്കന്മാർ 11:5,33), “സായീർ എന്ന ബെരീത്ത്’’ എന്ന ശേഖേമ്യ ദേവനെയും (ന്യായാധിപന്മാർ 8:33; 9:4), “രേഫാൻ” എന്ന നക്ഷത്രദേവനെയും (അപ്പൊ്തോല പ്രവൃത്തികൾ 7:43) ആരാധിച്ചു വന്നിരുന്ന ജനതതികൾ ചുറ്റുപാടും അധിവസിക്കുന്ന സീനായ് മരുഭൂമിയിൽ വെച്ച്, പന്ത്രണ്ട് ഗോത്രങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നതും ദൈവം അധിവസിക്കുന്നതും തഹശുതോൽ കൊണ്ട് പുറമൂടിയിട്ടിരിക്കുന്നതും, തിരുനിവാസമെന്നും യഹോവയുടെ കൂടാരമെന്നും വിശുദ്ധമന്ദിരമെന്നും സാക്ഷ്യകൂടാരമെന്നും യഹോവയുടെ ആലയമെന്നും പേരുള്ള സമാഗമന കൂടാരത്തിന്റെ മുമ്പിൽ നിന്നും കൊണ്ട് യിസ്രായേലിന്റെ ചരിത്രത്തിലെ

> ഒരു ദിവസം കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും ‘ഷേമാ’ ചൊല്ലണം. അവനു ഒരു കുഞ്ഞുണ്ടാകുമ്പോൾ ആ കുഞ്ഞിന്റെയും കാതിൽ ആദ്യം മന്ത്രിക്കുന്നത് മോശെ പഠിപ്പിച്ചു കൊടുത്ത ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള ഈ വിശ്വാസ പ്രഖ്യാപനമാണ്! ബൈബിൾ രേഖപ്പെടു ത്തുന്ന ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചു പഠിക്കാൻ ആഗ്രഹിക്കുന്നവർക്കു ഈ വാക്യം ഏറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്.

വനഭൂതത്തെയും (യെശയ്യാവ് 34:14), “മെനി” എന്ന ഭാഗ്യദേവതയെയും ‘‘ഗാദ്’’ എന്ന സൗഭാഗ്യദേവനെയും (യെശയ്യാവ് 65:11), “സുക്കൊത്ത്-ബെനോത്ത്” എന്ന ബാബിലോന്യ ദേവതയെയും (2 രാജാക്കന്മാർ 17:31), ‘‘മെരോദാക്’’എന്ന അക്കാദിയൻ ദേവനെയും (യിരെമ്യാവ് 50:2), “സിസ്റോക്ക്” (2 രാജാക്കന്മാർ 19:36,37), “തർത്തക്ക്” എന്നീ അശ്ശൂര്യ ദേവന്മാരെയും (2 രാജാക്കന്മാർ 17:31), “നേർഗാൽ” എന്ന ബാബിലോന്യ സൂര്യദേവനെയും (2 രാജാക്കന്മാർ 17:30), “ബാൽ സെബൂബ്” അഥവാ “ഈച്ചകളുടെ തമ്പുരാൻ” എന്നറിയപ്പെട്ടിരുന്ന ഫെലിസ്ത്യ ദേവനെയും (2 രാജാക്കന്മാർ 1:2), “ബാൽ-പെയോർ” എന്ന മൊവാബ്യ ദേവനെയും (സംഖ്യ 25:1-3), “ബാൽ-സമാനതകളില്ലാത്ത മഹാപ്രവാചകനായി എണ്ണപ്പെട്ടു വരുന്ന മോശെ, യിസ്രായേൽ മക്കളെ നോക്കി ഉച്ചൈസ്തരം ഇപ്രകാരം ഉദ്ഘോഷിച്ചു: “ഷ്മാ, ഇസ്രാഏൽ; യഹോവ ഏലോഹീനു; യഹോവ ഏഹാദ്” (യിസ്രായേലേ കേൾക്ക! യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ!!” (ആവർത്തനം 6:4).

ബഹുദൈവാരാധികളുടെ നടുവിൽ നിന്നു പുറപ്പെട്ടു പോന്നു, ബഹുദൈവാരാധികളുടെ മദ്ധ്യേ വെച്ച് ചെയ്ത മോശെയുടെ ഈ പ്രഖ്യാപനം മനുഷ്യചരിത്രത്തിലെ അറിയപ്പെടുന്ന ആദ്യത്തെ ഏകദൈവ വിശ്വാസ പ്രഖ്യാപനമാണ്. അതിനു മുമ്പു ജീവിച്ചിരുന്ന ഹാനോക്കും നോഹയും അബ്രഹാമും

ഇസഹാക്കും യാക്കോബുമെല്ലാം ഏക ദൈവ വിശ്വാസികൾ ആയിരുന്നെങ്കിലും അവരാരും ഇപ്രകാരം ഒരു വിശ്വാസ പ്രഖ്യാപനം നടത്തിയതായി രേഖകളില്ല. ഈ വിശ്വാസ പ്രഖ്യാപനം "ഷേമാ" എന്നറിയപ്പെടുന്നു. "ഷ്മാ" എന്ന എബ്രായ ധാതുവിൽ നിന്നുണ്ടായതാണ് ആ വാക്ക്. "ഷ്മാ" എന്ന എബ്രായ ധാതുവിനു 'കേൾക്കുക, ശ്രദ്ധിക്കുക, അനുസരിക്കുക' എന്നെല്ലാം അർത്ഥം പറയാം.

ഈ വിശ്വാസ പ്രഖ്യാപനം ഒരു യിസ്രായേല്യനെ സംബന്ധിച്ചു അവന്റെ ജീവിതത്തിലെ പരമപ്രധാനമായ കാര്യമാണ്. അവൻ ജനിച്ചു വീഴുമ്പോൾ ആദ്യം അവന്റെ കാതുകളിൽ മന്ത്രിക്കുന്നത് ഈ 'ഷേമാ' ആണ്. അവൻ ഒരു ദിവസം കുറഞ്ഞത് രണ്ടു പ്രാവശ്യമെങ്കിലും 'ഷേമാ' ചൊല്ലണം. അവനു ഒരു കുഞ്ഞുണ്ടാകുമ്പോൾ ആ കുഞ്ഞിന്റെയും കാതിൽ ആദ്യം മന്ത്രിക്കുന്നത് മോശെ പഠിപ്പിച്ചു കൊടുത്ത ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചുള്ള ഈ വിശ്വാസ പ്രഖ്യാപനമാണ്! ബൈബിൾ രേഖപ്പെടുത്തുന്ന ദൈവത്തിന്റെ ഏകത്വത്തെക്കുറിച്ചു പഠിക്കാൻ ആഗ്രഹിക്കുന്നവർക്കു ഈ വാക്യം ഏറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന എബ്രായ പദങ്ങൾ പ്രത്യേകം പഠനവിധേയമാക്കേണ്ടിയിരിക്കുന്നു.

( തുടരും..)

12 ാം പേജ് തുടർച്ച........

ളുടെയും മറ്റു ജീവികളുടെയും ജീവിതം അതിലേക്കാണ് വിരൽ ചൂണ്ടുന്നത്.

സ്വയംഭൂവാകാതെ, യഹോവയാൽ സൃഷ്ടിക്കപ്പെട്ട ഈ പ്രപഞ്ചത്തിനു നാളെ ഭവിക്കാൻ പോകുന്ന വിപത്തുകളെക്കുറിച്ച് ശാസ്ത്രപഠിതാക്കൾ ഭയപ്പെടുകയാണ്. 'ഒരന്ത്യ'ത്തെക്കുറിച്ചുള്ള ഈ ശാസ്ത്രീയ വിലയിരുത്തലുകളിൽ നിന്നും പ്രപഞ്ചം സ്വയംഭൂവല്ല; സൃഷ്ടിക്കപ്പെട്ടതാണെന്നു വ്യക്തം. (തുടരും..)

അടുത്ത ലക്കത്തിൽ **"ദൈവകണം അടയാളപ്പെടുത്തി ദൈവത്തിലേക്ക്"**


## സീക്കേഴ്സ് പാത്ത് മാസിക.

**മാസിക ആവശ്യപ്പെടുവാനും പണമയയ്ക്കുവാനും**

**C D Varghese**
**P.O.Box.No:7, Pullad P.O.**
**Thiruvalla.689548.**
**Phone: 9447518465.**

**C D Varghese**
**A/C. No: 15970100006326**
**Federal Bank Pullad.**
**IFSC Code FDRL0001597.**

**Email: seekerspath@live.com**

**വാർഷിക വരിസംഖ്യ രൂ: 200. ഒറ്റപ്രതി രൂ: 20.**

**മാസികയുടെ ഉള്ളടക്കത്തെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങൾ സ്വാഗതം ചെയ്യുന്നു.**

**മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നതിനു തല്പരരായവരുടെ നിർല്ലോഭമായ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. പത്രാധിപർ**

പത്തനംതിട്ടയിലെ വിശ്വാസസമൂഹത്തിൽ നിന്നും വഴിമാറി മുസ്ലീമായിത്തീർന്ന വ്യക്തിയാണു മുഹമ്മദ് ഈസാ. ഇപ്പോൾ പെരുമ്പാവൂരിൽ താമസിച്ച് ഇസ്ലാംമത പ്രചരണം നടത്തുകയും നിച്ച് ഓഫ് ട്രുത്ത് എന്ന ഇസ്ലാംമത പ്രബോധന സംഘടനയുടെ എഴുത്തുകാരനും സജീവ അംഗവുമായി പ്രവർത്തിക്കുകയും ചെയ്യുന്നു. ക്രിസ്തീയ കാഴ്ചപ്പാടുകളെ (വിശേഷാൽ പൗലോസിന്റെ ക്രിസ്തീയ കാഴ്ചപ്പാടുകളെ) ചോദ്യം ചെയ്തുകൊണ്ട് അദ്ദേഹമെഴുതിയ പുസ്തകമാണ്, "യേശുമശിഹാ ഏതു പക്ഷത്ത്?" എന്നത്. ഈ തുടർലേഖനത്തിലെ ശീർഷകവും ഉപശീർഷകവും പ്രസ്തുത പുസ്തകത്തിൽ നിന്നും ഉദ്ധരിച്ചിട്ടുള്ളവയാണ്. ഈസാക്കുള്ള മറുപടി തുടരുന്നു...)

യേശുമിശിഹ ഏതു പക്ഷത്ത്? 8

അസ്ലൻ ബർക്കർ

# യേശുവും ശിഷ്യന്മാരും പൗലോസും അവരുടെ ഉപദേശങ്ങളിലെ സമാനതകളും

ബൈബിളിലെ സത്യദൈവം ദുർബ്ബലനല്ലെന്ന് മാത്രമല്ല, സർവ്വശക്തനും സർവ്വജ്ഞാനിയും അത്യുന്നതനുമാകയാൽ, പണ്ട് പിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും ഭാഗം ഭാഗമായും വിവിധമായും നല്കപ്പെട്ട തന്റെ സന്ദേശങ്ങളുടെ പൂർണ്ണതയായി, അന്ത്യകാലത്ത് തന്റെ ഏകജാതനായ പുത്രനിലൂടെ നല്കപ്പെട്ട സമ്പൂർണ്ണ വെളിപ്പാടിന് ഒരു ഗ്ലാനിയും സംഭവിക്കുവാൻ– അതിലെ ഒരു വള്ളിയോ പുള്ളിയോ മാറിപ്പോകുവാൻ പോലും– അവൻ അനുവദിക്കുന്നതല്ല! തന്റെ ശരീരമായ സഭയെ ഉപദ്രവിച്ചു മുടിക്കുവാൻ അത്യന്തം എരിവേറി നടന്ന ശൗൽ എന്ന പരീശപ്രമാണിയെ തന്റെ ശക്തിയുള്ള കരത്താൽ പിടിച്ചതും, അവനെ തന്റെ നാമത്തിനു വേണ്ടി ഉപദ്രവങ്ങളും കഷ്ടങ്ങളും പീഢകളും ത്യാഗങ്ങളും സഹിപ്പാനുള്ള പൗലോസ് എന്ന ഒരു പാത്രമാക്കിത്തീർത്തതും യെഹൂദന്മാരുടേയും ജാതികളുടേയും ഇടയിൽ തന്റെ മാറ്റമില്ലാത്ത സുവിശേഷ സന്ദേശം എത്തിക്കേണ്ടതിന് അവനെ അപ്പസ്തോലനായി അഭിഷേകം ചെയ്തതും ഇതേ സർവ്വശക്തിയുള്ള ദൈവമായ യേശുക്രിസ്തു തന്നെ!! ന്യായപ്രമാണത്തിൽ അവഗാഹമുള്ള ഒരു യെഹൂദ റബ്ബിയായിരുന്ന പൗലോസ് മന:പൂർവ്വം സത്യദൈവത്തിന്റെ പദ്ധതികൾക്ക് എതിരു നിൽക്കുകയില്ല.

യേശുക്രിസ്തുവിനും തന്റെ ശിഷ്യന്മാർക്കും അന്യമായിരുന്ന സുവിശേഷമാണ് പൗലോസ് പ്രസംഗിച്ചത് എന്നാണ് മുഹമ്മദ് ഈസാ തന്റെ പുസ്തകത്തിലുടനീളം പറയുന്നത്. , 'തന്റെ വാദം സ്ഥാപിക്കുന്നതിന് വേണ്ടി യേശുവിന്റെ ഒരു വാക്ക് പോലും പൗലോസ് കടമെടുത്തിട്ടില്ല എന്നതും പ്രത്യേകം ശ്രദ്ധിക്കേതാണ്' എന്നും ഈസാ വാദിക്കുന്നുണ്ട് (പേജ്.67). യേശുവിന്റേയോ മോശെയുടേയോ മറ്റ് പ്രവാചകന്മാരുടേയോ അപ്പപ്പസ്തോലന്മാ

**“ഭൂസീമകളെ ഒക്കെയും നീ സ്ഥാപിച്ചു; നീ ഉഷ്ണകാലവും ശീതകാലവും നിയമിച്ചു.”**

(സങ്കീർത്തനങ്ങൾ 74:17).

രുടേയോ വാക്കുകൾ പൗലോസ് കടമെടുത്തിട്ടുണ്ടോ അതല്ല, അവർ പറഞ്ഞതിനെതിരായിട്ടാണോ സംസാരിച്ചിരുന്നതും പ്രവർത്തിച്ചിരുന്നതും എന്നു കൂടി പരിശോധിക്കാം.

ആദ്യം നമുക്ക് എന്തായിരുന്നു പൗലോസ് അപ്പസ്േതാലന്റെ സുവിശേഷം എന്ന് നോക്കാം. പൗലോസ് അപ്പസ്േതാലൻ തന്നെ പറയുന്നത് കേൾക്കുക: ‘ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അത് ആകുന്നു എന്റെ സുവിശേഷം‘ (2.തിമൊ.2:8). ഇവിടെ പൗലോസ് അപ്പൊസ്തലൻ മൂന്ന് കാര്യങ്ങൾ പറയുന്നുണ്ട്:

**1) യേശുക്രിസ്തു ദാവീദിന്റെ സന്തതിയായി ജനിച്ചവനാണ്.**

**2) യേശുക്രിസ്തു മരിച്ചു.**

**3)യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റിരിക്കുന്നു.**

പൗലോസ് അപ്പൊസ്തലൻ പറയാൻ തുടങ്ങുന്നതിനു മുമ്പേ, ഇക്കാര്യം യേശുക്രിസ്തുവോ അപ്പസ്േതാലന്മാരോ വേറെ ആരെങ്കിലുമോ പറഞ്ഞിട്ടുണ്ടോ? കഴിഞ്ഞ ലക്കത്തിൽ ചില കാര്യങ്ങൾ നല്കിയിരുന്നത് ശ്രദ്ധിച്ചിരിക്കുമല്ലോ. വിശദമായി പഠിക്കുവാൻ താത്പര്യമുള്ളവർക്കായി അല്പം കൂടി വിശദീകരണം അനിവാര്യമാണെന്നു തോന്നുകയാൽ അവ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

1) **യേശുക്രിസ്തു ദാവീദിന്റെ സന്തതി.**

1) എന്ന് മത്തായി പറയുന്നു (മത്തായി.1:1).

2) എന്ന് ഗബ്രിയേൽ ദൂതൻ പറയുന്നു (ലൂക്കോസ്.1:32).

3) എന്ന് രണ്ട് കുരുടന്മാർ പറയുന്നു (മത്താ.9:27).

4) എന്ന് പുരുഷാരം പറയുന്നു (മത്താ.12:23)

5) എന്ന് കനാന്യ സ്ത്രീ വിളിക്കുന്നു (മത്താ. 15:22).

6) എന്ന് വേറെ രണ്ട് കുരുടന്മാർ പറയുന്നു (മത്താ. 20:30,31).

7) എന്ന് പുരുഷാരം പറയുന്നു (മത്താ.21:9).

8) എന്ന് ബാലന്മാർ പറയുന്നു (മത്താ. 21:15).

9) എന്ന് പരീശന്മാർ പറയുന്നു (മത്താ. 22:42).

10) എന്ന് ബർതിമായി പറയുന്നു (മർക്കോസ്. 10:47,48; ലൂക്കോസ്. 18:38,39).

11) എന്ന് വേറെ പുരുഷാരം പറയുന്നു (യോഹന്നാൻ. 7:42).

12) എന്ന് സ്വർഗ്ഗത്തിലെ മൂപ്പന്മാരിൽ ഒരാൾ പറയുന്നു (വെളി.5:5).

13) എന്ന് യേശുക്രിസ്തു പറയുന്നു (വെളി. 22:16).

ഇത്രയധികം ഭാഗത്ത് യേശുക്രിസ്തുവിനെ ദാവീദിന്റെ സന്തതിയെന്നോ, ദാവിദിന്റെ പുത്രനെന്നോ, ദാവീദിന്റെ വേര് എന്നോ, ദാവീദിന്റെ വംശമെന്നോ ഒക്കെ പറഞ്ഞിട്ടുണ്ട്.

ഇതു തന്നെയാണ് പൗലോസും പറഞ്ഞത്.

**2) യേശുക്രിസ്തു മരിച്ചു**

1) എന്ന് മത്തായി പറയുന്നു (മത്താ. 27:50).

2) എന്ന് മർക്കോസ് പറയുന്നു (മർ.15:37).

3).എന്ന് ലൂക്കോസ് പറയുന്നു (ലൂക്കോ. 23:46)

4) എന്ന് യോഹന്നാൻ പറയുന്നു (യോഹ. 19:30,33; 20:9; 21:14).

5) എന്ന് പത്രോസ് പറയുന്നു (അപ്പൊ.പ്രവൃ .2:23,36;4:10;10:39; 1.പത്രോ.1:3,21; 2:24)

6) എന്ന് പത്രോസും ശേഷം അപ്പസ്തോലന്മാരും പറയുന്നു (അപ്പൊ.പ്രവൃ.5:30).

7) എന്ന് ദൈവദൂതൻ പറയുന്നു (മത്താ.28:5; മർ.16:6; ലൂക്കോ.24:7).

8) എന്ന് ക്ലെയോപ്പാവും സ്നേഹിതനും പറയുന്നു (ലൂക്കോ.24:20).

9) യേശുക്രിസ്തു മുൻകൂട്ടി തന്റെ മരണം പ്രവചിച്ചിരിക്കുന്നു (മത്താ.20:19;26:2; മർക്കോ.8:31; 9:31; 10:34; യോഹ.2:18–22).

10) ശതാധിപൻ പിലാത്തോസിന് യേശുക്രിസ്തുവിന്റെ മരണ സർട്ടിഫിക്കറ്റ് നൽകുന്നു (മർക്കോ.15:44,45)

11) താൻ മരിച്ചു എന്ന് യേശുക്രിസ്തു പറഞ്ഞിരിക്കുന്നു (വെളി.1:18;2:8; ലൂക്കോ.24:46).

12) യേശു മരിച്ചു എന്ന് ദൈവം പറയുന്നു (വെളി.11:8)

ഇതും പൗലോസിന്റെ സ്വന്ത കണ്ടുപിടുത്തമല്ല എന്നു തെളിയുന്നു, ഇത്രയധികം തെളിവുകളിലൂടെ!

ഇനി നമുക്ക് മൂന്നാമത്തെ കാര്യം കൂടി പരിശോധിക്കാം:

**3) യേശുക്രിസ്തു ഉയർത്തെഴുന്നേറ്റിരിക്കുന്നു.**

1) എന്ന് മത്തായി പറയുന്നു (മത്താ.27:53).

2) എന്ന് മർക്കോസ് പറയുന്നു (മർക്കോ.16:9,13,14).

3) എന്ന് ലൂക്കോസ് പറയുന്നു (ലൂക്കോ.24:15)

4) എന്ന് യോഹന്നാൻ പറയുന്നു (യോഹ.2:22;21:14).

5) എന്ന് പത്രോസ് പറയുന്നു (അപ്പൊ.പ്രവൃ2:32; 4:10; 10:40).

6) എന്ന് ദൈവദൂതൻ പറയുന്നു (മത്താ.28:5; മർക്കോ.16:6; ലൂക്കോ.24:6).

7) എന്ന് മഗ്ദലന മറിയ പറയുന്നു (മർക്കോ.16:9–11).

8) എന്ന് മഗ്ദലനക്കാരി മറിയ, യോഹന്നാ, യാക്കോബിന്റെ അമ്മ മറിയയും അവരോട് കൂടെയുള്ള സ്ത്രീകളും പറയുന്നു (ലൂക്കോ.24:10)

9) എന്ന് പതിനൊരുവർ പറയുന്നു (ലൂക്കോ.24:34).

10) എന്ന് പത്രോസും ശേഷം അപ്പസ്തോലന്മാരും പറയുന്നു (അപ്പൊ.പ്രവൃ.5:30).

11) എന്ന് രണ്ടു പേർ പറയുന്നു (മർക്കോ.16:12,13).

12) എന്ന് അപ്പസ്തോലനായ തോമസ് പറയുന്നു (യോഹ.20:24–29).

13) യേശുക്രിസ്തു മുൻകൂട്ടി തന്റെ പുനരുത്ഥാനം പ്രവചിച്ചിട്ടുണ്ട് (മത്താ.17:9; 26:32; 20:19; 27:63; മർക്കോ.8:31; 9:31; 10:34; 14:28; ലൂക്കോ.18:33; 24:7,46).

പൗലോസ് ക്രിസ്ത്യാനിയാകുന്നതിനും മുമ്പേ ഇത്രയധികം പേർ യേശുക്രിസ്തു മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്നതിന് സാക്ഷികളാണ്. എന്നിട്ടും യേശുക്രിസ്തുവിന്റെ പുനരുത്ഥാനം പൗലോസിന്റെ കണ്ടുപിടുത്തമാണെന്ന് പറയണമെങ്കിൽ ഈസായുടെ വിവരക്കേടും വ്യാജം പ്രചരിപ്പിക്കുന്നതിന്റെ പിന്നിലെ ഗൂഢോദ്ദേശ്യവും എത്രയെന്നു വായനക്കാർക്കു ഊഹിക്കാവുന്നതല്ലേയുള്ളു.

ഇത്രയധികം തെളിവുകളുണ്ടായിട്ടും ‘തന്റെ വാദം സ്ഥാപിക്കുന്നതിന് വേണ്ടി യേശുവിന്റെ ഒരു വാക്ക് പോലും പൗലോസ് കടമെടുത്തിട്ടില്ല എന്നതും പ്രത്യേകം ശ്രദ്ധിക്കേതാണ്‘ എന്ന് ശ്രീ.മുഹമ്മദ് ഈസാ പറയുമ്പോൾ, അദ്ദേഹത്തെ നിയന്ത്രിക്കുന്നത് സത്യത്തിന്റേയും സുബോധത്തിന്റേയും ആത്മാവല്ല, മറിച്ച്, ഭോഷ്കിന്റെയും വഞ്ചനയുടേയും ആത്മാവാണെന്ന് പകൽ പോലെ വ്യക്തം!

കഴിഞ്ഞിട്ടില്ല സുഹൃത്തുക്കളേ, പൗലോസ് പ്രസംഗിച്ചതും എഴുതിയതുമായ ഓരോ കാര്യങ്ങളും യേശുക്രിസ്തുവോ അപ്പപ്പസ്തോലന്മാരോ പറഞ്ഞിട്ടുള്ളതു തന്നെയാണെന്ന് ബൈബിളിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ തെളിയിക്കാം. വിസ്താര ഭയത്താൽ ഇനിയുള്ള തെളിവു വാക്യങ്ങൾ

> **"പരമാർത്ഥതയിൽ നടക്കുന്നവൻ നീതിമാൻ; അവന്റെ ശേഷം അവന്റെ മക്കളും ഭാഗ്യവാന്മാർ."**
>
> (സദൃശ്യവാക്യങ്ങൾ 20:7).

ഞങ്ങൾ വിശദീകരിച്ച് പറയുന്നില്ല. റഫറൻസുകൾ തരുന്നു, ബൈബിൾ എടുത്തു വെച്ച് നിങ്ങൾ പരിശോധിച്ചു നോക്കുക:

**4) യേശു തന്നെയാണ് മിശിഹാ അഥവാ ക്രിസ്തു.**

1) യോഹന്നാൻ 4:26-ൽ യേശുക്രിസ്തു പറയുന്നു.

2) മത്തായി 16:15-17-ൽ പത്രോസ് അപ്പസ്തോലൻ പറയുന്നു.

3) അപ്പൊ.പ്രവൃ 18:5- ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.

**5) യേശു ദൈവപുത്രൻ ആകുന്നു**

1) യോഹന്നാൻ.9:35 യ) ലൂക്കോ.1:35-ൽ ഗബ്രിയേൽ ദൂതൻ പറയുന്നു.

2) മത്തായി 16:15-17-ൽ പത്രോസ് അപ്പസ്തോലൻ പറയുന്നു.

3) 1.യോഹന്നാൻ. 5:20-ൽ യോഹന്നാൻ അപ്പസ്തോലൻ പറയുന്നു.

4) മർക്കോസ് 3:11-ൽ അശുദ്ധാത്മാക്കൾ പറയുന്നു.

5) മത്തായി 27:54-ൽ ശതാധിപൻ പറയുന്നു

6) അപ്പൊ.പ്രവൃ.9:20-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.

**6) യേശുക്രിസ്തു കർത്താവ് ആകുന്നു.**

1) യോഹന്നാൻ 13:13-ൽ യേശുക്രിസ്തു പറയുന്നു.

2) മത്തായി 17:4-ൽ പത്രോസ് പറയുന്നു.

3) യോഹന്നാൻ 9:38-ൽ ജ നാ കുരുടനായ മനുഷ്യൻ പറയുന്നു.

4) 1.കൊരിന്ത്യർ. 8:6-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.

**7) യേശുക്രിസ്തു ദൈവം ആകുന്നു.**

1) യോഹന്നാൻ 20:28,29-ൽ തോമസ് അപ്പസ്തോലൻ പറയുന്നു.

2) 1.യോഹന്നാൻ. 5:20-ൽ യോഹന്നാൻ അപ്പൊസ്തലൻ പറയുന്നു.

3) റോമർ. 9:5-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.

**8) യേശുക്രിസ്തു മനുഷ്യൻ ആകുന്നു.**

1) യോഹന്നാൻ 8:40-ൽ യേശുക്രിസ്തു പറയുന്നു.

2) 1.തിമൊ. 2:5-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.

**9) യേശു ക്രിസ്തു സ്ത്രീയുടെ സന്തതി ആകുന്നു.**

1) ലൂക്കോ. 1:30,31-ൽ ദൂതൻ പറയുന്നു

2) ഗലാത്യർ 4:4-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.

**10) ദൈവം യേശു ക്രിസ്തുവിനെ അയച്ചു**

1) യോഹന്നാൻ 8:42-ൽ യേശുക്രിസ്തു പറഞ്ഞിരിക്കുന്നു.

2) റോമർ 8:3-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.

**11) യേശു ക്രിസ്തു ആണ് പിതാവിലേക്കുള്ള വഴി.**

1) യോഹന്നാൻ 14:6-ൽ യേശുക്രിസ്തു പറയുന്നു.

2) എഫേസ്യർ 2:18-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.

**12) യേശു ക്രിസ്തു വെളിച്ചം ആകുന്നു.**

1) യോഹന്നാൻ 8:12-ൽ യേശുക്രിസ്തു പറയുന്നു

2) 2.കൊരി. 6:14,15-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു

**13) യേശു ക്രിസ്തു ജീവൻ ആകുന്നു.**
1) യോഹ.14:6-ൽ യേശുക്രിസ്തു പറയുന്നു
2) കൊലോസ്യ.3:4-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു
**14) യേശുക്രിസ്തു ആരംഭം ആകുന്നു.**
1) വെളിപ്പാട് 22:13-ൽ യേശുക്രിസ്തു പറയുന്നു
2) കൊലോസ്യർ 1:18-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു
**15) യേശുക്രിസ്തു ആദ്യൻ ആകുന്നു.**
1) വെളിപ്പാട് 1:17,18-ൽ യേശുക്രിസ്തു പറയുന്നു
2) കൊലോ.1:18-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു
**16) യേശുക്രിസ്തു മണവാളൻ ആകുന്നു.**
1) മർക്കോ.2:19,20-ൽ യേശുക്രിസ്തു പറയുന്നു.
2) 2.കൊരി.11:2-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.
**17) യേശുക്രിസ്തു രക്ഷകൻ ആകുന്നു.**
1) യോഹ.3:17-ൽ യേശുക്രിസ്തു പറയുന്നു
2) 1.തിമൊ.1:15-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു
**18) യേശു സത്യം ആകുന്നു.**
1) യോഹ.14:6-ൽ യേശുക്രിസ്തു പറയുന്നു
2) എഫേ.4:21-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു
**19) യേശുക്രിസ്തു ദരിദ്രൻ ആയിരുന്നു.**
1) മത്താ.8:20-ൽ യേശുക്രിസ്തു പറയുന്നു
2) 2.കൊരി.8:9-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.
**20) യേശുക്രിസ്തു രാജാവ് ആകുന്നു.**
1) യോഹ.18:36,37-ൽ യേശുക്രിസ്തു പറയുന്നു.
2) എഫേ.5:5-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.
**21) യേശു സ്വർഗ്ഗത്തിൽ കയറിയവൻ.**
1) യോഹ.3:13-ൽ യേശുക്രിസ്തു പറയുന്നു
2) എഫേ.4:9-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.
**22) ദൈവത്തിന്റെ മഹത്വം യേശുവിന്റെ മുഖത്ത് പ്രകാശിക്കുന്നു.**
1) മത്താ.17:1,2-ൽ മത്തായി പറയുന്നു.
2) 2.കൊരി.4:6-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.
**23) യേശുക്രിസ്തു പിതാവിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നവൻ.**
1) മർക്കോ.14:61,62-ൽ യേശുക്രിസ്തു പറയുന്നു
2) എഫേസ്യർ.1:20-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു
**24) യേശുക്രിസ്തു കർതൃമേശ സ്ഥാപിച്ചു**
1) മത്താ.26:26-28-ൽ മത്തായി പറയുന്നു
2) 1.കൊരി.11:23-25-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു
**25) യേശു ക്രിസ്തു പൊന്തിയാസ് പിലാത്തോസിന്റെ മുന്നിൽ വിസ്തരിക്കപ്പെട്ടു.**
1) യോഹ.18:33-37-ൽ യോഹന്നാൻ പറയുന്നു
2) 1.തിമൊ. 6:13-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.
**26) യേശുക്രിസ്തുവിനെ ക്രൂശിച്ചു.**
1) യോഹ.19:18-ൽ യോഹന്നാൻ പറയുന്നു.
2) 1.കൊരി.1:23-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.
**27) യേശുക്രിസ്തു ത്യാഗം സഹിച്ചു.**
1) മത്താ.16:21-ൽ യേശുക്രിസ്തു പ്രവചിക്കുന്നു.
2) 2.കൊരി.1:5-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.
**28) യേശുക്രിസ്തു അടക്കപ്പെട്ടു.**
1) മത്താ.27:59,60-ൽ മത്തായി പറയുന്നു.
2) റോമ.6:4; 1.കൊരി.15;3,4-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.
**29) യേശുക്രിസ്തു വീണ്ടും വരും.**
1) മത്താ24:30-ൽ യേശുക്രിസ്തു പറഞ്ഞു.
2) 1.തെസ്സ.4:16-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.

**30) യേശു ആടുകൾക്കു വേണ്ടി മരിച്ചു.**

1) യോഹ.10:15-ൽ യേശുക്രിസ്തു പറയുന്നു

2) അപ്പൊ.പ്രവൃ.20:28-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു

**31) യേശു നമ്മോടുള്ള സ്നേഹം കാരണം മരിച്ചു.**

1) യോഹ.15:12,13-ൽ യേശുക്രിസ്തു പറയുന്നു.

2) ഗലാ.2:20-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.

**32) യേശുവിന്റെ മരണം ദൈവസ്നേഹത്തിന്റെ പ്രദർശനം.**

1) യോഹ.3:16-ൽ യോഹന്നാൻ പറയുന്നു.

2) റോമ.5:8-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.

**33) യേശു മറുവിലയായി തന്നെത്താൻ കൊടുത്തു.**

1) മത്താ.20:28; മർക്കോ.10:45-എന്നീ ഭാഗങ്ങളിൽ യേശുക്രിസ്തു പറയുന്നു.

2) 1.തിമൊ.2:5,6-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.

**34) യേശുവിനെ ക്രൂശിച്ചവർ അറിവില്ലാതെയാണ് അത് ചെയ്തത്.**

1) ലൂക്കോ.23:34-ൽ യേശുക്രിസ്തു പറയുന്നു

2) 1.കൊരി.2:7,8-ൽ പൗലോസ് അപ്പൊസ്തലൻ പറയുന്നു.

**35) യേശുവിന്റെ മരണവും അടക്കവും പുനരുത്ഥാനവും തിരുവെഴുത്തുകളിൻ പ്രകാരം.**

1) ലൂക്കോ.24:44-46-ൽ യേശുക്രിസ്തു പറയുന്നു.

2) 1.കൊരി.15:3,4-ൽ പൗലോസ് അപ്പൊസ്തലൻ പറയുന്നു.

**36) യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റതിനു ശേഷം പത്രോസിനും മറ്റ് അപ്പൊസ്തലന്മാർക്കും പ്രത്യക്ഷപ്പെട്ടു.**

1) ലൂക്കോ.24:33-36 ൽ ലൂക്കോസ് പറയുന്നു

2) 1.കൊരി.15:4,5-ൽ പൗലോസ് അപ്പൊസ്തലൻ പറയുന്നു.

**37) കർത്താവിന്റെ ദിവസം കള്ളനെപ്പോലെ വരും.**

1) മത്താ.24:42-44 ൽ യേശുക്രിസ്തു പറയുന്നു

2) 1.തെസ്സ.5:2-4 ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.

**38) യേശുക്രിസ്തുവിന്റെ വരവിനു വേണ്ടി വിശ്വാസികൾ ഒരുങ്ങിയിരിക്കണം, ഉണർന്നിരിക്കണം, കുടിയന്മാരായിരിക്കരുത്.**

1) മത്താ. 24:42,44,48-50 ൽ യേശുക്രിസ്തു പറയുന്നു.

2) 1.തെസ്സ.5:4-7 ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു.

**39) കർത്താവിന്റെ ദിവസത്തെപ്പറ്റിപ്പറയുമ്പോൾ പ്രസവവേദനയോട് അതിനെ ഉപമിച്ചിരിക്കുന്നു.**

1) മത്താ.24:7,8-ൽ യേശുക്രിസ്തു ഉപമിച്ചിരിക്കുന്നു.

2) 1.തെസ്സ. 5:2,3 -ൽ പൗലോസ് അപ്പസ്തോലൻ ഉപമിച്ചിരിക്കുന്നു.

**40) യേശു ദൂതന്മാരോടൊപ്പം വരും.**

1) മത്താ.25:31 ൽ യേശു കർത്താവ് പറഞ്ഞിരിക്കുന്നു

2) 2.തെസ്സ.1:6,7-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു

**41) കർത്താവിന്റെ വീണ്ടും വരവിൽ കാഹളധ്വനിയുാകും**

1) മത്താ.24:30,31-ൽ യേശുക്രിസ്തു പറഞ്ഞിരിക്കുന്നു

2) 1.തെസ്സ.4:16-ൽ പൗലോസ് അപ്പസ്തോലൻ പറയുന്നു

**42) നാം യേശുവിനെ തള്ളിപ്പറഞ്ഞാൽ യേശു നമ്മെയും തള്ളിപ്പറയും.**

1) മത്താ.10:33-ൽ യേശുക്രിസ്തു പറഞ്ഞിരിക്കുന്നു 2) 2.തിമൊ.2:12-ൽ പൗലോസ് അപ്പൊസ്തലൻ പറയുന്നു. (തുടരും....)

**സീക്കേഴ്സ് പാത്ത്** മാസികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.

**"അവരുടെ വിശ്വാസം കണ്ടിട്ട് അവൻ (യേശുക്രിസ്തു): മനുഷ്യാ, നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു എന്നു പറഞ്ഞു."** (ലൂക്കോസ് 5:21)

# സാത്താന്റെ കുത്തും യേശുവിന്റെ പാപസുരക്ഷിതത്വവും.

ബ്രഃ ജോർജ്ജ് ജോൺ.

മനുഷ്യനായി ജനിച്ചവരിൽ യേശുമാത്രമാണ് പാപം കൂടാതെ അല്ലെങ്കിൽ, പാപസ്വഭാവം കൂടാതെ ജനിച്ചിട്ടുള്ളത് എന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. ക്രിസ്തീയ വീക്ഷണത്തിൽ, എല്ലാവരും പാപം ചെയ്തു എന്നു പറയുമ്പോൾ യേശുക്രിസ്തു ഒഴികെ മനുഷ്യരായി പിറന്നവരെല്ലാം അതിൽ ഉൾപ്പെടുന്നു എന്നതാണ് സത്യം. യേശുക്രിസ്തു മാത്രമാണ് പരിശുദ്ധനെന്നുള്ള ക്രൈസ്തവരുടെ അവകാശവാദം ചിലരെയൊക്കെ ചൊടിപ്പിച്ചിട്ടുണ്ട്.

യേശു പരിശുദ്ധനാണെന്ന വസ്തുത വിശുദ്ധ വേദപുസ്തകത്തിന്റെയും ഇസ്ലാമികഗ്രന്ഥങ്ങളുടെയും അടിസ്ഥാനത്തിൽ തെളിയിക്കാവുന്നതാണ്. യേശു ഒഴികെയുള്ളവരെല്ലാം പാപികളാണെന്നും ഇതേ വേദഗ്രന്ഥങ്ങൾ വെളിപ്പെടുത്തുന്നു എന്നുള്ളത് അവയുടെ തന്നെ സഹായത്തോടെ തെളിയിക്കുവാനുമാകും. എന്നാൽ, ഈ വേദഗ്രന്ഥങ്ങൾ പഠിപ്പിക്കുന്ന രീതിയിലുള്ള മഹത്ത്വം അർഹമായവിധം യേശുവിനു നല്കുന്നതിനു പലപ്പോഴും വ്യക്തികളോടുള്ള അതിരുകടന്ന ഭക്തി മൂലം പലർക്കും കഴിയാതെ പോകുന്നുവെന്നതാണ് യാഥാർത്ഥ്യം.

**1 യേശു മുഹമ്മദിനെക്കാൾ വലിയവനോ?**

കേരളത്തിലെ ദാവാ സംവാദകർ, "മുഹമ്മദ് യേശുവിനെക്കാൾ വലിയവനോ?" എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സംവാദത്തിനു തയ്യാറാകുമെന്നു തോന്നുന്നില്ല.

"സാക്ഷി അപ്പോളജറ്റിക്സ് നെറ്റുവർക്ക്" സംഘടിപ്പിച്ച ഒരു പരിപാടി കൊച്ചിയിൽ ടൗൺ ഹാളിൽ വെച്ചു നടക്കുകയുണ്ടായി. പഴയനിയമം, പുതിയനിയമം, ഖുർആൻ എന്നിവയുടെ വെളിച്ചത്തിൽ ദൈവം ആരാണ് എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ഒരു മീറ്റിംഗ് ആയിരുന്നു അത്. മീറ്റിംഗിനോടനുബന്ധിച്ചുള്ള ചോദ്യോത്തര വേളയിൽ ഒരു മുസ്ലീം സഹോദരൻ മീറ്റിംഗ് അലങ്കോലപ്പെടുത്തുവാൻ ശ്രമിക്കുകയുണ്ടായി. തനിക്കു പലതും ചോദിക്കാനുണ്ടെന്നു പറഞ്ഞു സ്റ്റേജിലേക്കു കയറി വന്നു. അന്നു വിഷയം അവതരിപ്പിച്ച ജെറി തോമസ് ''യേശുക്രിസ്തുവിന്റെയും മുഹമ്മദിന്റെയും ധാർമ്മികത" എന്ന വിഷയത്തെ ആസ്പദമാക്കി തത്സമയം സംവാദം നടത്തുവാൻ സന്നദ്ധനായി. എന്നാൽ, തനിക്കു കഴിയില്ലെന്നും പിന്നെ നടത്താമെന്നു സമ്മതിച്ചു പിരിഞ്ഞു പോയി. രണ്ടു വർഷം കഴിഞ്ഞിട്ടും ഇന്നുവരെ ദാവാ പ്രവർത്തകൻ മുന്നോട്ടു വന്നിട്ടില്ല. അദ്ദേഹം മാത്രമല്ല, ഇസ്ലാമിക വിഷയത്തിൽ മുതിർന്ന താർക്കികനായ ശ്രീ. എം. എം. അക്ബർ പോലും രംഗത്തു വന്നിട്ടില്ലെന്നത് ശ്രദ്ധേയമാണ്.

യേശുവാണോ മുഹമ്മദാണോ വലിയവൻ? എന്ന ചോദ്യം ക്രിസ്ത്യാനികൾ ഉന്നയിക്കുമ്പോൾ, ദാവാ പ്രവർത്തകർ പ്രയോഗിക്കുന്ന ചില സ്ഥിരം നമ്പറുകളുണ്ട്. അതിൽ ഒന്നു, " ഞങ്ങൾ പ്രവാചകന്മാരിൽ വേർ വ്യത്യാസം കല്പിക്കാറില്ല" എന്നാണ്. എന്നാൽ, ഇത് വെറും വാക്കാണെന്നു ഇവരുടെ പ്രവർത്തനങ്ങളെ നിരീക്ഷിച്ചാൽ ബോദ്ധ്യമാകുന്നതാണ്. എല്ലാ പ്രവാചകരും തുല്യരാണെങ്കിൽ മുഹമ്മദിനെ മാത്രം ഉയർത്തുന്ന പ്രവർത്തനം മുസ്ലീങ്ങൾ നടത്തുന്നതെന്തുകൊണ്ട്? മുഹമ്മദ് യേശുവിനെക്കാൾ ശ്രേഷ്ഠനാണെന്നു തെളിയിക്കുവാൻ മുസ്ലീം സഹോദരങ്ങൾ ശ്രമിച്ചിട്ടുണ്ടെന്നതാണ് യാഥാർത്ഥ്യം. ഉദാഹരണത്തിനു: അഹമ്മദ് ദീദാത്ത് "Muhammad the Greatest' എന്ന പുസ്തകത്തിൽ യേശുവിനെക്കാൾ ശ്രേഷ്ഠൻ മുഹമ്മദാണെന്നു സ്ഥാപിക്കാൻ ഉള്ള ഒരു പാഴ്ശ്രമം നടത്തിയിരിക്കുന്നത് കാണാനാവും.

"Michal H Hart" "The 100 Most influential Persons in history' എന്ന തന്റെ പുസ്തകത്തിൽ 100 പേരിൽ ഒന്നാമനായി മുഹമ്മദിനെ വിലയിരുത്തുകയുണ്ടായി. മുഹമ്മദിനെ പ്രവാചകനായി താനൊരിക്കലും അംഗീകരിച്ചുമില്ല. മതത്തിലും രാഷ്ട്രീയത്തിലും ഒരുപോലെ തന്റെ കഴിവ് പ്രകടിപ്പിച്ചുവെന്നത് മാനദണ്ഡമായി കണക്കാക്കിയാണ് അദ്ദേഹം മുഹമ്മദിനെ നമ്പർ വൺ ആക്കിയത്. ഈ പട്ടികയിൽ യേശുവിനെ കൂടാതെ ഹിറ്റ്ലർ തുടങ്ങിയ കഠിനഹൃദയരുടെ പേരുകളും ഉണ്ടായിരുന്നു. എന്നാൽ, ഇതൊന്നും മുസ്ലീം മിഷനറിമാർ ഗണ്യമാക്കിയില്ല. Michal H Hart എഴുതിയ ഈ പുസ്തകം ഇസ്ലാമിക സംഘടനകൾ സ്വന്ത ചിലവിൽ പ്രസിദ്ധീകരിച്ചു ലോകമെമ്പാടും വിതരണം ചെയ്തു. ഞങ്ങൾ പ്രവാചകന്മാരിൽ വേർ വ്യത്യാസം കല്പിക്കുന്നില്ല എന്നു പറയുന്നവർ തന്നെ, മുഹമ്മദ് യേശുവിനെക്കാൾ വലിയവനെന്നു തെളിയിക്കുവാൻ തത്രപ്പെടുന്നതു കാണുമ്പോൾ സഹതാപമാണ് തോന്നുന്നത്.

മുഹമ്മദിന്റെ ശ്രേഷ്ഠത ഖുർആനിന്റെയും പൂർവ്വവേദങ്ങളായ വിശുദ്ധ ബൈബിളിന്റെയും അടിസ്ഥാനത്തിൽ വേണം തെളിയിക്കുവാൻ. എന്നാൽ, അവരതിനു തുനിയുകയില്ല. കാരണം, സ്വന്ത മതഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ നിന്നുകൊണ്ടു പോലും മുഹമ്മദ് യേശുവിനെക്കാൾ ശ്രേഷ്ഠനാണെന്നു തെളിയിക്കുവാൻ കഴിയുകയില്ലെന്നു വിവരമുള്ള മുസ്ലീം സഹോദരങ്ങൾക്കു അറിയാം. അതുകൊണ്ടാണ് Michal H Hart

**“എന്നാൽ ദൈവത്തിന്റെ ശക്തികൊണ്ട് ഞാൻ (യേശുക്രിസ്തു) ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു സ്പഷ്ടം.”** (ലൂക്കോസ് 11:20)

നെപ്പോലെയുള്ളവരുടെ ഗ്രന്ഥങ്ങൾ ഇവ്വിഷയത്തിലെങ്കിലും ഖുർആനെക്കാൾ ആധികാരികമായി പരിഗണിക്കപ്പെടുന്നത്. ഇതിലൂടെ ഇസ്ലാമിന്റെ രക്ഷകസ്ഥാനീയരായി അമുസ്ലീങ്ങൾ മാറുന്ന കാഴ്ചയാണ് നാം കാണുന്നത്. മതത്തോടുള്ള അമിത ഭക്തി മൂലം മുസ്ലീങ്ങൾക്കു അല്ലാഹുവിന്റെയും മുഹമ്മദിന്റെയും വാക്കുകളിലുള്ള വിശ്വാസം നഷ്ടപ്പെടുന്നു എന്നതാണ് അവസ്ഥ. ചിന്തിക്കുന്ന വിവേകമതികളായ മുസ്ലീം സഹോദരങ്ങളോടു ഞങ്ങൾക്കു പറയാനുള്ളത്, നിങ്ങൾ ബൈബിളും ഖുർആനും ഒരു തവണയെങ്കിലും ഒന്നു മനസ്സിരുത്തി വായിച്ച ശേഷം തീരുമാനിക്കുക “ആരാണ് ശ്രേഷ്ഠൻ?” എന്ന്.

**2 പ്രവാചകന്മാർ പാപികളോ?**

പ്രവാചകന്മാർ മനുഷ്യരാണ്. അതുകൊണ്ടുതന്നെ, ഒരു മനുഷ്യനുണ്ടാകാവുന്ന ബലഹീനതകൾ അവർക്കും ഉണ്ടാവുക സ്വാഭാവികമാണ്. പാപം അവരെയും സ്പർശിച്ചിട്ടുണ്ടെന്നു ബൈബിളിലെയും ഖുർആനിലെയും വിവരണങ്ങളുടെ അടിസ്ഥാനത്തിൽ നിന്നും മനസ്സിലാക്കാവുന്നതേയുള്ളു. എന്നാൽ, അവർ തങ്ങളുടെ പാപത്തിൽ തുടരുന്നില്ല എന്നും ഗ്രഹിക്കാനാവും. അതുകൊണ്ട് വിശുദ്ധ ബൈബിൾ പ്രവാചകന്മാരെ “അതിമാനുഷരായി” (Super Human) ആയി ചിത്രീകരിക്കുന്നുമില്ല. അവരുടെ നന്മകൾ മാത്രമല്ല, ബലഹീനതകളും ബൈബിൾ വെളിപ്പെടുത്തുന്നുണ്ട്.

പ്രവാചകന്മാർക്ക് പാപം ചെയ്യാൻ കഴിയുകയില്ലെന്നു മുസ്ലീങ്ങൾ വിശ്വസിക്കുന്നു. എന്നാൽ, ഖുർആൻ അങ്ങനെ പഠിപ്പിക്കുന്നുവോ എന്നു പരിശോധിക്കേണ്ടതുണ്ട്. ഇസ്ലാമിന്റെ അവസാനത്തെ പ്രവാചകനും ശ്രേഷ്ഠനുമായ മുഹമ്മദ് പാപം ചെയ്തതായും ക്ഷമ യാചിച്ചതായും ഖുർആനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (സൂറ 4:105–107; 40:55; 47:19; 110:1–3).

മുഹമ്മദ് പാപം ചെയ്തു എന്നു ക്രിസ്ത്യാനികൾ ചൂണ്ടിക്കാട്ടുമ്പോൾ, അത് വലിയ പാപമല്ല ചെറിയ തെറ്റുകളാണ് എന്നു പറഞ്ഞു ദാവാ പ്രവർത്തകർ തടിതപ്പുകയാണ് പതിവ്. ലോകത്തിന്റെ അവസാനത്തെ വേദഗ്രന്ഥമാണ് ഖുർആനെന്നു മുസ്ലീങ്ങൾ വിശ്വസിക്കുന്നതെങ്കിലും അതിൽ പറഞ്ഞിരിക്കുന്ന കാര്യം അവർ അംഗീകരിക്കുവാൻ ഒട്ടു തയ്യാറാകുന്നുമില്ല. പാപം ചെയ്തതിനെക്കുറിച്ചു കുറ്റബോധം തോന്നുന്ന വ്യക്തിയാണ് പശ്ചാത്തപിക്കുവാൻ താത്പര്യപ്പെടുക. പാപം ചെയ്യാത്ത വ്യക്തി പാപം മോചിച്ചു കിട്ടാനായി പ്രാർത്ഥിക്കുമോ? ഇല്ലെന്നതാണ് സത്യം. പാപം ലേശവും ഏശാത്ത ആളാണ് മുഹമ്മദെങ്കിൽ നിത്യതയെക്കുറിച്ചുള്ള പ്രത്യാശ തനിക്കുണ്ടാകുമായിരുന്നു. തന്റെ അനുയായികളോടു തന്റെ സമാധാനത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ കല്പിച്ച മുഹമ്മദിനു രക്ഷയെക്കുറിച്ചുള്ള ഉറപ്പുണ്ടായിരുന്നുവെന്നു വിശ്വസിക്കുവാൻ ഞങ്ങൾക്കു ബുദ്ധിമുട്ടുണ്ട്.

മുഹമ്മദിനു തന്റെ രക്ഷയെക്കുറിച്ചുള്ള ഉറപ്പുണ്ടായിരുന്നില്ലെന്നതാണ് ഇസ്ലാമിക വേദഗ്രന്ഥങ്ങൾ നല്കുന്ന സൂചന എന്നതാണ്

**ആരെങ്കിലും എന്റെയും (യേശുക്രിസ്തു) സുവിശേഷ ത്തിന്റെയും നിമിത്തം തന്റെ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും."** (മർക്കോസ് 8:35)

തോട്ടത്തിൽ നിന്നും പുറത്താക്കി. മാത്രമല്ല, പാപം ചെയ്തതിനാൽ നഷ്ടമായ തേജസ്സ് തിരികെ ലഭിച്ചതുമില്ല. ഇന്നും ആദാമിന്റെ സന്തതികൾ നഗ്നരായിത്തന്നെയാണ് ജനിക്കുന്നത്. ഓരോ കുഞ്ഞുങ്ങളും മാതാവിന്റെ ഉദരത്തിൽ വെച്ചു പാപം ചെയ്ത് തേജസ്സ് നഷ്ടപ്പെട്ട് ജനിക്കുന്നതു കൊണ്ടാണു നഗ്നരായി ജനിക്കുന്നത് എന്നു കരുതാനാകുമോ? ആദിമനുഷ്യനാ യ ആദാം പാപം ഏറ്റു പറഞ്ഞിട്ടും സ്വർഗ്ഗ ത്തിൽ നിന്നും പുറത്താക്കപ്പെട്ടു എങ്കിൽ, ഒരു മുസ്ലീം പാപങ്ങൾ ഏറ്റു പറഞ്ഞതു കൊണ്ട് സ്വർഗ്ഗത്തിൽ പ്രവേശിക്കുക സുസാദ്ധ്യമല്ലെന്നു അവർക്കറിയാം. അല്ലാഹു തനിക്കിഷ്ടമുള്ളവരെ സ്വർഗ്ഗ ത്തിൽ വസിക്കാനനുവദിക്കുന്നു എന്ന താണ് ഖുർആനിക കാഴ്ചപ്പാട്. (സൂറ 9:102; 28:67; 2:218; 17:57; 26:51; 26:82).

അല്ലാഹു തന്റെ പാപം മോചിപ്പിച്ച് സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും എന്നു ഉറപ്പിച്ചു പറയുവാൻ ഒരു മുസ്ലീമിനും സാധിക്കില്ല. അല്ലാഹു വിചാരിച്ചാൽ മാ ത്രമേ ഒരു മുസ്ലീമിനു സ്വർഗ്ഗം അവകാശ മായി കിട്ടുകയുള്ളൂ. (സൂറ 2:284; 3:120–126; 4:48 cf 116: 5:18, 40: 48:14). സ്വന്ത മതത്തിൽ രക്ഷയെക്കുറിച്ചുള്ള ഉറപ്പില്ലാതിരിക്കെ, നാടുനീളെ നടന്നു ഇസ്ലാമിൽ ചേരുക എന്നു പറഞ്ഞു മീറ്റിംഗ് സംഘടിപ്പിക്കുന്ന വരോട് ഒരു ചോദ്യം: "രക്ഷയെക്കുറിച്ചുള്ള ഉറപ്പും, ഇന്നു മരിച്ചാൽ സ്വർഗ്ഗത്തിൽ പോകുമെന്നു ദൃഢനിശ്ചയവുമുള്ള (100%

സത്യം. അതുകൊണ്ടുതന്നെ മുഹമ്മദിനെ അനുഗമിക്കുന്ന ഒരു മുസ്ലീമിനു തന്റെ നിത്യതയെക്കുറിച്ച് ഉറപ്പുള്ളവനായിരി ക്കാനും കഴിയില്ല എന്നതാണ് വാസ്തവം.

പാപം മോചിച്ചു കിട്ടുവാനായി മുസ്ലീങ്ങൾ വളരെ കഷ്ടപ്പെടാറുണ്ട്. റംസാൻ മാസമാണിത്. മുസ്ലീങ്ങൾ അവരുടെ പാപ ഭാരം കഴുകിക്കളയുവാനായി ഉപവസിക്കു കയും ദാനധർമ്മങ്ങൾ നല്കുകയും ചെയ്യുന്നതിനു പുറമെ ഖുർആൻ പാരായണ ത്തിനും പ്രാർത്ഥനയ്ക്കും സമയം ചിലവഴി ക്കുകയും ചെയ്യുന്നു. കണ്ണുനീരോടെ പാപ ങ്ങൾ ഏറ്റുപറഞ്ഞിട്ടും മുസ്ലീമിന്റെ ഹൃദയ ത്തിൽ സമാധാനം ഉണ്ടാകുന്നില്ല. പാപമേറ്റു പറഞ്ഞാൽ തീരാവുന്ന വിഷയമാണെങ്കിൽ ഓരോ മുസ്ലീമിനും രക്ഷയെക്കുറിച്ചൊരുറപ്പു ണ്ടായേനെ! അതില്ലെന്നാണ് ചില വസ്തു തകൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്.

ആദിമനുഷ്യനായ ആദാം അല്ലാഹു വിന്റെ വാക്കുകൾ അനുസരിക്കാതെ പാപം ചെയ്തു. കുറ്റബോധം ഉണ്ടായി കുറ്റസമ്മ തവും നടത്തി. അവരുടെ പാപം ക്ഷമിച്ചു എന്നു ഖുർആൻ രേഖപ്പെടുത്തിയിരിക്കുന്നു. ആ കഥ അവിടെ അവസാനിച്ചെങ്കിൽ പാപ ത്തിനു പരിഹാരം ഉണ്ടെന്നും അല്ലാഹു നീതിമാനാണെന്നും ബോധ്യമാകുമായി രുന്നു. എന്നാൽ, കുറ്റബോധത്താൽ ക്ഷമ ചോദിച്ചതിനാൽ ക്ഷമ കിട്ടിയെന്നു ഖുർആൻ പറയുന്നുണ്ടെങ്കിലും അല്ലാഹു അവരെ തോട്ടത്തിൽ വസിക്കാനനുവദിച്ചില്ല. അവരെ

ഉറപ്പ്) ക്രിസ്ത്യാനികൾക്കു നല്കുവാൻ നിങ്ങളുടെ കൈയിൽ എന്തു സുവിശേഷമാണുള്ളത്?

മുഹമ്മദ് മരണാനന്തര ജീവിതത്തെ എത്രമാത്രം ഭയപ്പാടോടെയാണ് നോക്കിക്കണ്ടതെന്നു ഇസ്ലാമിക രേഖകൾ വായിച്ചാൽ ബോദ്ധ്യപ്പെടുന്നതാണ്.

Narrated Masruq

Aisha said that jews came to her and mentioned the punishment in the grave, saying to her," May Allah protect you from the punishment of the grave.''Aisha then asked Allah's Apostle about the punishment of the grave. He said "yes, (there is) punishment in the grave.'' ""Aisha added, "After that I never saw Allah's Apostle but-seeking refuge with Allah from the punishment in the grave. In every prayer he prayed'' (Sahid Al Bukhari,Volume 2, Book 23, Number 454) (sura 46:9).

**3 ഇനി വിമർശനത്തിന്റെ വാദങ്ങൾ പരിശോധിക്കാം.**

യേശു മാത്രമാണ് സാത്താന്റെ സ്പർശനമേല്ക്കാത്ത വ്യക്തിയെന്നും പാപരഹിതനെന്നും ഇസ്ലാം പറയുന്നതായി ക്രൈസ്തവ സഹോദരന്മാർ അവകാശപ്പെടുന്നു. താഴെക്കാണുന്ന ഹദീസാണ് തെളിവിനായി അവർ ചൂണ്ടിക്കാണിക്കുന്നത്.

**Narrated Abu Huraira:The Prophet said, "When any human being is born. Satan touches him at both sides of the body with his two fingers, except Jesus, the son of Mary, whom Satan tried to touch but failed, for he touched the placenta-cover instead."**

"അബു ഹുറയ്റ (റ) നിവേദനം: നബി (സ) അരുളി: ആദമിന്റെ സന്താനങ്ങൾ ജനിക്കുമ്പോൾ പിശാച് അവന്റെ ഇരു വിരലുകൾ കൊണ്ട് അവന്റെ ഇരുഭാഗങ്ങളിലും കുത്തുന്നതാണ്; ഈസബ്നു മർയം ഒഴികെ. അദ്ദേഹത്തെ കുത്തുവാനും അവൻ പുറപ്പെട്ടു. എന്നാൽ മറയിലാണ് അവൻ കുത്തിയത്" (ബുക്കാരി, മുസ്ലീം)

**യേശു ഭൂമിയിൽ വന്നതിന്റെ ലക്ഷ്യം ദൈവത്തിന്റെ 'update' ചെയ്യപ്പെട്ട നിയമങ്ങൾ അറിയിക്കുക എന്നതല്ലായിരുന്നു. ദൈവം (Father) ലോകത്തെ സ്നേഹിച്ചതു കൊണ്ട് തന്റെ ഏകജാതനായ പുത്രനെ ഈ ഭൂമിയിലേക്ക് അയച്ചു. തന്നിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ നല്കുവാനായിട്ടാണ് യേശു വന്നത്.**

ഇതിനു സമാനമായ മറ്റൊരു ഹദീസു കൂടി കാണുക: "അബു ഹുറയ്റ (റ) നിവേദനം: നബി (സ) അരുളി: എല്ലാ കുട്ടികളും അവരെ പ്രസവിക്കുന്ന സന്ദർഭത്തിൽ പിശാച് സ്പർശിക്കുന്നതാണ്. പിശാചിന്റെ സ്പർശനം മൂലമാണ് അവൻ ഉറക്കെ കരയുന്നത്. മർയമും അവരുടെ പുത്രനും ഒഴികെ"(ബുക്കാരി, മുസ്ലീം)

A ഞാൻ നേരത്തെ സൂചിപ്പിച്ചതു പോലെ യേശു മാത്രമാണ് പരിശുദ്ധനായി ജനിക്കുകയും ജീവിക്കുകയും ചെയ്തത് എന്നു ഇരു മതഗ്രന്ഥങ്ങളിലെയും പരാമർശങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കാവുന്നതാണ്. യേശു പാപിയാണെന്നു വിശുദ്ധ ബൈബിൾ രേഖപ്പെടുത്തുന്നില്ല. മറിച്ച്,

**"എന്നാൽ ദൈവത്തിന്റെ ശക്തികൊണ്ട് ഞാൻ (യേശു ക്രിസ്തു) ഭൂതങ്ങളെ പുറത്താക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു സ്പഷ്ടം.'** (ലൂക്കോസ്11:20)

പാപമില്ലാത്തവൻ എന്നാണ് പഠിപ്പിക്കുന്നത്. യോഹന്നാൻ 8:46; 15:10, 1 പത്രോസ് 2:22; എബ്രായർ 4:15.

യേശു ഭൂമിയിൽ വന്നതിന്റെ ലക്ഷ്യം ദൈവത്തിന്റെ 'update' ചെയ്യപ്പെട്ട നിയമങ്ങൾ അറിയിക്കുക എന്നതല്ലായിരുന്നു. ദൈവം (Father) ലോകത്തെ സ്നേഹിച്ചതുകൊണ്ട് തന്റെ ഏകജാതനായ പുത്രനെ ഈ ഭൂമിയിലേക്ക് അയച്ചു. തന്നിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ നല്കുവാനായിട്ടാണ് യേശു വന്നത് എന്നു യോഹന്നാൻ 3:16 ൽ പറയുന്നു. പരിശുദ്ധനായ ഒരുവന്നു മാത്രമേ പാപികൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുവാൻ കഴിയൂ. 1 പത്രോസ് 1:18,19; ലൂക്കോസ് 19:10, അപ്പൊസ്തല പ്രവൃത്തികൾ 3:14; 22:14.

യേശു ദൈവമായതുകൊണ്ടാണ് പരിശുദ്ധനായിരിക്കാൻ കഴിയുന്നത്. യേശുക്രിസ്തു പരിശുദ്ധനെന്നത് ബൈബിളിന്റെ മാത്രം ഉപദേശമല്ല. ഖുർആനും യേശുവിനെ പാപമില്ലാത്ത പരിശുദ്ധനായിട്ടാണ് അവതരിപ്പിക്കുന്നത്. (സൂറ 3:35,36; 19:19).

മുഹമ്മദിനെപ്പോലെ, തന്റെ പാപം പൊറുത്തു തരണമെന്ന് യേശു യാചിച്ചതായി ഖുർആനിലോ ബൈബിളിലോ കാണുന്നില്ല. അതു മാത്രമല്ല, യേശുവിന്റെ പാപങ്ങൾ എന്ന പട്ടിക ഈ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല എന്നതും ചിന്തിക്കേണ്ട വിഷയമാണ്. യേശുക്രിസ്തുവിന്റെ പരിശുദ്ധി യേശുവിനു മാത്രം അവകാശപ്പെടാവുന്ന നിസ്തുല്യമായ ഒരു Attribute ആണ്.

ഇനി ഹദീസുകളിലേക്കു വരാം. യേശു സാത്താനാൽ കുത്തു ഏല്ക്കാത്തവനാണെന്നു ഹദീസ് പറയുന്നു. എന്നാൽ, അതു അംഗീകരിക്കുവാൻ കഴിയില്ലെന്നാണ് മുസ്ലീമിന്റെ വാദം. വാദം എന്നു പറയുന്നതിനെക്കാൾ നല്ലത് 'തന്ത്രം' എന്നു പറയുന്നതാണ്. സ്വന്തമതപ്രചരണത്തിനു വേണ്ടി അന്യമതസ്ഥരുടെ മതഗ്രന്ഥങ്ങൾ മാത്രമല്ല, സ്വന്തമതഗ്രന്ഥങ്ങൾ പോലും ദുർവ്യാഖ്യാനം ചെയ്യാനും തിരുത്തുവാനും ഇക്കൂട്ടർ മടിക്കാറില്ല എന്നതാണ് വാസ്തവം.

യേശു പരിശുദ്ധനാണെന്നു തെളിയിക്കുവാൻ ക്രിസ്ത്യാനികൾക്കു ഇസ്ലാമിക ഗ്രന്ഥങ്ങളുടെ സഹായം വേണ്ട. എന്നാൽ, ബൈബിളിനെപ്പോലെ തന്നെ ഇസ്ലാമിക രേഖകളും യേശുവിന്റെ പരിശുദ്ധി പ്രഘോഷിക്കുന്നുവെന്നു പറയുമ്പോൾ അതു മറയ്ക്കാൻ സ്വന്തമതരേഖകളോടു ഈ ക്രൂരകൃത്യം വേണ്ടായിരുന്നുവെന്നാണ് എനിക്കു പറയുവാനുള്ളത്. ഇങ്ങനെ പോയാൽ ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നും അനേകഭാഗങ്ങൾ എടുത്തു മാറ്റേണ്ടി വരും. ഹദീസുകൾ യേശുവിന്റെ പരിശുദ്ധിയെക്കുറിച്ചു പറയുന്ന കാര്യങ്ങൾ തന്നെയാണ് ഖുർആനും പറയുന്നത്. ( സൂറ 3:35 ൽ ഇങ്ങനെ വായിക്കുന്നു: **"And I have named her mary, and I commeth her and her off spring to thy protection from satan,the rejected!"** (സൂറ 19:19;21:91; 66:12).

മുഹമ്മദിന്റെ മാതാവായ ആമിനയെ ക്കുറിച്ച് ഇങ്ങനെയുള്ള പരാമർശം ഖുർ ആനിലോ ഹദീസുകളിലോ ഉണ്ടോ? ഇല്ലെ ന്നതാണ് സത്യം.

**""Anas reported: Verily, a person said: Messenger of Allah, where is my father? He said: (He) is IN the Fire. When he turned away, he (the Holy Prophet) called him and said: Verily, MY FATHER and your father ARE IN the Fire.''** (Sahih Muslim book 001,no:0398 Sahil Muslim 004 no:2129).

**''Abu Huraira reported Allah's Messenger (may peace be upon him) as saying: I sought permission to beg forgiveness for my mother but He did NOT grant it to me. I sought permission from Him to visit her grave, and He granted it (permission) to me.''** (Sahih Muslim, Book 004, Number 2129)

യേശു പരിശുദ്ധനാണെന്നു നാം ഖുർആനിൽ നിന്നു തന്നെ കണ്ടു. അപ്പോൾ ഈ ഹദീസുകൾ അംഗീകരിയ്ക്കുവാൻ കഴിയില്ലെന്നു പറയുന്നത് 'ഇരട്ടത്താപ്പ്'ല്ലാതെ മറ്റെന്താണ്?

മുഹമ്മദിന്റെ ബാല്യത്തിൽ നടന്ന ഒരു സംഭവം ശ്രദ്ധിക്കുക:

**A strange incident took place in the prophet's childhood. Once both Muhammad and his foster brother were playing in the yard with the goats when the Angel Jibrael appeared to them. The Angel came split open Muhammad's chest, took out his heart, removed a blood clot and washed it in Zamzam. The angel then returned the heart to Muhammad's body before going away. The angel said this was the part of shaytan in you.http://www.musalla.org/Articles/Seerah/seerah6.htm**

**When Muhammad was a child he was nursed by a Bedouin woman. During this time he had an experience with "two men in white raiment". Here is W. M. Watt's translation of Ibn Ishaq's biography of Muhammad, page 36:**

**"...two men in white clothes came to me with a golden basin full of snow. They took me and split open my body, then they took my heart and split it open and took out from it a black clot which they flung away. Then they washed my heart and my body with that snow until they made them pure."**

**യേശുക്രിസ്തു സാത്താന്റെ പ്രവൃത്തികളെ അഴിപ്പാനത്രേ വന്നത് (1 യോഹന്നാൻ 3:8, എബ്രായർ 2:14, ലൂക്കോസ് 4:33-35). മാത്രമല്ല, യേശുവിൽ വിശ്വസിക്കുന്നവർക്കും സാത്താനോട് എതിർത്തു നില്ക്കുവാൻ കഴിയും എന്നതും ബൈബിളിന്റെ പാഠമാണ്.**

**“മേലിൽ നിന്നു വരുന്നവൻ എല്ലാവർക്കും മീതേയുള്ളവൻ; ഭൂമിയിൽ നിന്നുള്ളവൻ ഭൗമികൻ; ഭൗമികമായതു സംസാരിക്കുന്നു”** (യോഹന്നാൻ 3:31)

**This event deeply disturbed the Bedouins and they returned Muhammad to his mother. Here is the story told by Muhammad's wet-nurse,** related in Guillaume's translation of Ibn Ishaq, page 72:

"His [Muhammad's friend's] father said to me, “I am afraid that this child has had a stroke, so take him back to his family before the result appears. ..... She [Muhammad's mother] asked me what happened and gave me no peace until I told her. **When she asked if I feared a demon had possessed him, I replied that I did.”** (http://www.answering-islam.org/Silas/demons.htm).

### 4 പിശാചിന് ദേഹോപദ്രവമേല്പിക്കുവാൻ കഴിയും.

പിശാചിനു ദേഹോപദ്രവമേല്പിക്കുവാൻ കഴിയില്ലായെന്നു മുസ്ലീം സഹോദരൻ അഭിപ്രായപ്പെടുന്നു. അതുകൊണ്ടു തന്നെ യേശുവിനെ സാത്താൻ “കുത്തിയില്ല” എന്ന ഹദീസുകളുടെ രേഖകൾ ശരിയല്ലെന്നും അദ്ദേഹം അവകാശപ്പെടുന്നു. നമുക്കു ഇസ്ലാമിക രേഖകൾ തന്നെ പരിശോധിക്കാം. (സൂറ 38:41)

ഇവിടെ ഇയ്യോബിന്റെ കാര്യമാണ് പറയുന്നത് എന്നതു ശ്രദ്ധിക്കുക. സാത്താൻ തനിക്കു അവശതയും പീഢനവും ഏല്പിച്ചിരിക്കുന്നു എന്ന് (സൂറ 2:275).

“Shaykh Ibn ‘Uthaymeen (may Allaah have mercy on him) said: Undoubtedly the jinn can have a harmful effect on humans, and they could even kill them. They may harm a person by throwing stones at him, or by trying to terrify him, and other things that are proven in the Sunnah or indicated by real events. It was reported that the Messenger (peace and blessings of Allaah be upon him) gave permission to one of his Companions to go to his wife during one of the military campaigns - I think it was the campaign of al-Khandaq - as he was a young man who had recently got married. When he reached his house, he found his wife standing at the door, and he objected to that. She said to him, ‘Go inside,’ so he went inside and found a snake curled up on the bed. He had a spear with him, so he stabbed it with the spear until it died, and at the same instant as the snake died the man also died. It was not known which of them died first, the snake or the man. When the Prophet (peace and blessings of Allaah be upon him) heard of that, he forbade killing the harmless kinds of snakes that are found in houses, apart from those which are maimed or are streaked and malignant.

This indicates that the jinn may attack humans, and that they may harm them, as is known from real-life events. There are numerous reports which indicate that a man may come to a deserted area, and a stone may be thrown at him, but he does not see anybody, or he may hear voices or a rustling sound like the rustling of trees, and other things that may make him

feel distressed and scared. A jinn may also enter the body of a human, either because of love or with the intention of harming him, or for some other reason. "http://www.islamcan.com/jinn-stories/can-jinns-harm-humans.shtml

**പിശാചിന്റെ മറ്റു പ്രവർത്തനങ്ങൾ ചുരുക്കത്തിൽ..**

1. **ചെവിയിൽ മൂത്രമൊഴിക്കുന്ന സാത്താൻ.** (Sahih Bhukari 2:21,245).

- Satan urinates in a sleeping man's ears when he does not get up for prayer...(Sahih Bukhari, 2.21.245)
- The devil urinates on the ears of a man who sleeps the whole night till dawn...(Sahih Muslim, 4.1700)

2. **മൂക്കിൽ താമസിക്കുന്ന സാത്താൻ.** (Sahih Muslim 2 0462, 0468).

- The devil spends the night in the interior of your nose; so clean your nose after
- sleep...(Sahih Muslim, 2.0462, 0468)
- When anyone of you goes to sleep, the devil ties three knots at the back of his neck...(Sahih Muslim, 4.1702)
- If you have more bed than required, except the bed kept for a guest, then that extra bed is for Satan...(Sahih Muslim, 24.5190)
- Satan is let loose with the sinking of the sun until the darkest part of the night is over...23.4998)
- During sleep Satan plays with your private parts...(Sunaan ibn Majah, 1.337)
- Satan plays with private parts of children...(Mishkat, 1.187)

http://islam-watch.org/AbulKasem/IslamicVoodoos/Part12.htm

ഒരു മുസ്ലീമിന്റെ ചെവിയിൽ മൂത്രമൊഴിക്കാനും, മൂക്കിൽ കയറാനും കഴിയുമെങ്കിൽ മനുഷ്യനെ കുത്താനും സാത്താനു കഴിയും എന്നതു സ്പഷ്ടമല്ലോ.

**മാത്രവുമല്ല, ഇത് ശാസ്ത്രത്തിനും എതിരാണെന്നത് വ്യക്തമായ വസ്തുതയാണ്.**

കുട്ടി ജനിക്കുമ്പോൾ കരയുന്നത് നല്ലതാണെന്നാണ് ശാസ്ത്രപക്ഷം. കുട്ടി കരയുന്നത് നല്ല കാര്യമാണെങ്കിൽ, അത് പിശാചു കുത്തിയിട്ടാണെങ്കിൽ, വാസ്തവത്തിൽ പിശാചിനു നന്ദി പറയുകയല്ലേ വേണ്ടത്?

യേശുക്രിസ്തു മാത്രം പാപമില്ലാതെയും സാത്താനാൽ സ്പർശനമേല്ക്കാതെയും ജനിച്ചുവെന്നു പറഞ്ഞപ്പോൾ, ആ ഹദീസുകൾ തള്ളിക്കളയാനായി അദ്ദേഹം മുന്നോട്ടു വെച്ച രണ്ടാമത്തെ കാരണം, "സാത്താൻ കുത്തിയതു കൊണ്ടാണ് കുഞ്ഞുങ്ങൾ കരയുന്നത് " എന്ന ഇസ്ലാമിന്റെ കണ്ടുപിടുത്തം ശാസ്ത്രീയമല്ലായ്കയാൽ അത് തള്ളിക്കളയുകയാണ് എന്നതാണ്.

മുഹമ്മദ് അലി പറഞ്ഞ ഇക്കാര്യത്തോടു ഞാനും യോജിക്കുന്നു. ഒരു കുഞ്ഞു ജനിക്കുമ്പോൾ കരയുന്നത് നല്ലതാണ്. അത് സാത്താനാണ് ചെയ്യുന്നതെങ്കിൽ സാത്താൻ നല്ല കാര്യമാണ് (നന്മ) ചെയ്യുന്നത് എന്ന് അംഗീകരിക്കാതിരിക്കാനാവില്ലല്ലോ. എന്നാൽ, ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും "സഹീഹ്" ആയ ഒരു ഹദീസ്സിൽ രേഖപ്പെടുത്തിയത് ഒരു മുസ്ലീം എന്ന നിലയ്ക്ക് താങ്കൾ അംഗീകരിക്കേണ്ടതാണ്. അല്ലെങ്കിൽ, Quran only Muslim ആയി ഹദീസുകളെ തള്ളിപ്പറയേണ്ടതായി വരും. ഇസ്ലാമിക വേദഗ്രന്ഥങ്ങളായ ഖുർആനിലും ഹദീസുകളിലും അശാസ്ത്രീയമായ അനേക സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

**ഇനി ഖുർആനിലേക്ക്..**

(സൂറ 18:86; 88:20; 2:22; 20:53; 35:41; 67:5; 13:13).

മുസ്ലീം സഹോദരന്മാർ മനസ്സിരുത്തി വായിച്ചാൽ അനേക " അശാസ്ത്രീയമായ" കാര്യങ്ങൾ ഖുർആനിലും മുഹമ്മദിന്റെ ഉപദേശങ്ങളിലും കാണാവുന്നതാണ്. അവയ്ക്കെല്ലാം "മുടന്തൻ ന്യായങ്ങൾ" കണ്ടുപിടിച്ച് ഇസ്ലാം ഒരു ശാസ്ത്രമതമാക്കാൻ നടക്കുന്ന ദാവാക്കാർക്കു യേശുവിന്റെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയെന്തിന്?

**5 എന്തുകൊണ്ടാണ് സാത്താൻ യേശുവിനെ സ്പർശിക്കാത്തത്?**

യേശുവിനെ സാത്താൻ കുത്തിയില്ല, സ്പർശിച്ചില്ല എന്നൊക്കെ പറയുമ്പോൾ എന്തുകൊണ്ടാണ് സാത്താൻ യേശുവിനെ സ്പർശിക്കാൻ ഭയപ്പെടുന്നു എന്നു പറയാനുള്ള ബാദ്ധ്യത ഉണ്ട്. പക്ഷെ, അക്കാര്യത്തിൽ ഇസ്ലാമിക രേഖകൾ മൗനമായിരിക്കുന്നു. എന്നാൽ, ബൈബിൾ അതിനുത്തരം നല്കുന്നുണ്ടെന്നത് അറിയുക. യേശുക്രിസ്തു സാത്താന്റെ പ്രവൃത്തികളെ അഴിപ്പാനത്രേ വന്നത് (1 യോഹന്നാൻ 3:8, എബ്രായർ 2:14, ലൂക്കോസ് 4:33-35). മാത്രമല്ല, യേശുവിൽ വിശ്വസിക്കുന്നവർക്കും സാത്താനോട് എതിർത്തു നില്ക്കുവാൻ കഴിയും എന്നതും ബൈബിളിന്റെ പാഠമാണ്. ഭൂതങ്ങളെ യേശുവിന്റെ നാമത്തിൽ പുറത്താക്കാനാകുമെന്നും ബൈബിൾ സാക്ഷ്യപ്പെടുത്തുന്നു.

മുഹമ്മദ് പരാജയപ്പെട്ട സ്ഥാനത്ത് യേശു സാത്താന്റെ മേൽ ജയം കൈവരിച്ചു. യേശുക്രിസ്തുവിന്റെ നിസ്തുല്യതയ്ക്കെതിരെയുള്ള ദാവാക്കാരുടെ ദുർപ്രചരണം അവസാനിപ്പിക്കേണ്ട കാലം വന്നിരിക്കുന്നു. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ വരും കാലങ്ങളിൽ യേശുക്രിസ്തുവിനെ ഉയർത്തുന്ന ഖുർആനിലെ ആയത്തുകൾ പോലും തള്ളിക്കളഞ്ഞെന്നിരിക്കും. അങ്ങനെ ചെയ്തില്ലെങ്കിലേ അതിശയിക്കേണ്ടതുള്ളു. സത്യസന്ധമായി നിത്യജീവനു വേണ്ടി ദാഹിക്കുന്ന എന്റെ മുസ്ലീം സഹോദരങ്ങളോട് എനിക്കു പറയാനുള്ളത്: ഖുർആനും ബൈബിളും വായിക്കുക, യേശുക്രിസ്തുവിന്റെ നിസ്തുല്യതയും യേശു ഒരുക്കിയ നിത്യരക്ഷയെക്കുറിച്ചുള്ള സന്ദേശവും ഗ്രഹിക്കുക. ●

---

40 ാം പേജിൽ നിന്നും തുടർച്ച......

ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്, ഹദീസ് നമ്പർ 278, പേജ് 127).

മനുഷ്യനെ തിന്മയോടു കൂടെ സൃഷ്ടിച്ചു എന്നുള്ള ഇസ്ലാമിക ഗ്രന്ഥങ്ങളുടെ പ്രഖ്യാപനവും, പാപമോചനത്തിനായി പ്രാർത്ഥിക്കണമെന്നുള്ള അല്ലാഹുവിന്റെ ആഹ്വാനവും, പാപമോചനത്തിനായി മുഹമ്മദ് നബി നടത്തുന്ന പ്രാർത്ഥനകളും കണ്ടിട്ട് അവയ്ക്കെതിരെ കണ്ണടച്ച് നിന്നുകൊണ്ട് പാപപരിഹാരം ക്രിസ്തുവിൽക്കൂടെ മാത്രം എന്ന ബൈബിൾ സത്യത്തിനെതിരെ പുതിയപുതിയ പുസ്തകങ്ങൾ എഴുതി സമയം പാഴാക്കിക്കളയുന്ന ഇവരെ ഓർത്ത് ഇബിലീസ് (സാത്താൻ) ആർത്തട്ടഹസിക്കുന്നു എന്നതല്ലേ പരമാർത്ഥം?

എന്നാൽ സ്വർഗ്ഗീയ പിതാവിനു അവരോടു പറയുവാനുള്ള അവസാനത്തെ സന്ദേശം ഇപ്രകാരമാണ്. "വരുവിൻ, നമുക്കു തമ്മിൽ വാദിക്കാം എന്നു യഹോവ അരുളിച്ചെയ്യുന്നു. നിങ്ങളുടെ പാപം കടുംചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും. രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞി പോലെ ആയിത്തീരും. നിങ്ങൾ മനസ്സുവെച്ചു കേട്ടനുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നന്മ അനുഭവിക്കും. മറുത്തുമത്സരിക്കുന്നു എങ്കിലോ നിങ്ങൾ വാളിന്നിരയായിത്തീരും. യഹോവയുടെ വായ് അരുളിച്ചെയ്തിരിക്കുന്നു." (യെശയ്യാവ് 1:18-20). ●

> ''അവനിൽ (യേശുവിൽ) വിശ്വസിക്കുന്നവനു ന്യായവിധി ഇല്ല; വിശ്വസിക്കാത്തവനു ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ ന്യായവിധി വന്നു കഴിഞ്ഞു" (യോഹന്നാൻ 3:18)

# പാപപരിഹാരം ക്രിസ്തുവിൽക്കൂടെ മാത്രം.

**പാസ്റ്റർ ചാക്കോ ആന്റണി പരപ്പനങ്ങാടി.**

കർത്താവായ യേശുക്രിസ്തുവിൽ കൂടെ മാത്രം ലഭിക്കുന്ന രക്ഷയെ നിരാകരിച്ചും മനുഷ്യവർഗ്ഗത്തെ ആകമാനം ഗ്രസിച്ചിരിക്കുന്ന പാപം എന്ന കനത്ത പ്രമേയത്തെ നിസ്സാരവൽക്കരിച്ചും ന്യായപ്രമാണത്തെ ഉയർത്തിക്കൊണ്ടു വന്നു ക്രൈസ്തവ സമൂഹം പഴയനിയമ ആചാരങ്ങളിലേക്കു മടങ്ങിപ്പോകണമെന്നു ആഹ്വാനം ചെയ്യുന്ന ഒരു കൃതിയാണ് മുഹമ്മദലി മാസ്റ്റർ രചിച്ച് ദഅ്വാ ബുക്സ് 2011 ഡിസംബറിൽ പ്രസിദ്ധീകരിച്ച ''പാപപരിഹാരം ബൈബിളിലും ക്രിസ്തുമതത്തിലും" എന്ന പുസ്തകം.

പുസ്തകം ആരംഭിക്കുന്നത് ഇങ്ങനെയാണ്. "മനുഷ്യർ ഒറ്റ സമുദായമായിരുന്നു. അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്കു സന്തോഷവാർത്ത അറിയിക്കുവാനും നിഷേധികൾക്കു താക്കീത് നല്കുവാനുമായി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു. ഭിന്നിച്ച വിഷയത്തിൽ തീർപ്പു കല്പിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു. അവരിൽ അഞ്ചു പ്രമുഖ ദൂതന്മാരുണ്ടായിരുന്നു. നോഹ (നൂഹ്), അബ്രഹാം (ഇബ്രാഹിം), മോശ



മൂസ), യേശു (ഈസാ), മുഹമ്മദ് നബി എന്നിവർ. അവരിൽ മോശയും യേശുവും ഇസ്രായേല്യരിലേക്ക് അയക്കപ്പെട്ടവരായിരുന്നു. പരലോക മോക്ഷത്തിനായി തോറ (തൗറാത്ത്)യനുസരിച്ച് ജീവിക്കുവാൻ അവർ തങ്ങളുടെ ജനതയെ ഉദ്ബോധിപ്പിച്ചു. യേശുവിന്റെ തിരോധാനത്തിനു ശേഷം ശൗൽ എന്ന പേരിൽ വിളിക്കപ്പെട്ടിരുന്ന പൗലോസ് ഉല്പത്തി പുസ്തകം ഏഴാം അദ്ധ്യായം അടിസ്ഥാനമാക്കി അദ്ദേഹത്തിന്റേതായ ഒരു ദൈവശാസ്ത്രവുമായി രംഗത്തു വന്നു..... തോറ ശാപമാണെന്നും അതുമൂലം ദൈവസന്നിധിയിൽ ആരും നീതീകരിക്കപ്പെടുകയില്ലെന്നും ദാവീദിന്റെ പുത്രനായി ജനിച്ചു മരിച്ചു ഉയിർത്തെഴുന്നേറ്റ ക്രിസ്തുയേശുവിൽ വിശ്വസിച്ചാൽ മാത്രമേ പരലോക മോക്ഷം പ്രാപിക്കുകയുള്ളുവെന്നും അദ്ദേഹം സിദ്ധാന്തിച്ചു. ആദം ചെയ്ത പാപത്തിന്റെ

പരിണിതഫലമായി മനുഷ്യരെല്ലാം പാപികളായിത്തീർന്നുവെന്നും ആ പാപക്കറ കഴുകിക്കളയുവാൻ ദൈവം മനുഷ്യനായി - യേശുവായി- അവതരിച്ച് കാൽവരിക്കുന്നിൽ കുരിശിൽ രക്തം ചിന്തി മരിച്ചു അടക്കം ചെയ്യപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു എന്നും വിശ്വസിച്ചാൽ അവർക്കു പരലോക മോക്ഷം പ്രാപിക്കാം. ഇതാണ് പൗലോസിന്റെ ദൈവശാസ്ത്രമായ പാപപരിഹാര സിദ്ധാന്തത്തിന്റെ രത്നച്ചുരുക്കം" (പേജ് 17,18).

ഏതൊരു വ്യക്തിക്കും വിശ്വസിച്ച് ജീവരക്ഷ പ്രാപിക്കുവാൻ കഴിയുന്ന ക്രൈസ്തവ വിശ്വാസത്തെ ബോധപൂർവ്വം താഴ്ത്തിക്കെട്ടാനുള്ള പാഴ്ശ്രമിത്തിൽ മുഹമ്മദലി മാസ്റ്റർ പല മണ്ടത്തരങ്ങളും എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ദൈവമായ അല്ലാഹുവിന്റെ വചനങ്ങളോടു നീതി പുലർത്താനോ, ഇസ്ലാമിക വിശ്വാസത്തോടു നീതി പുലർത്താനോ മാസ്റ്റർക്കു കഴിഞ്ഞിട്ടില്ല എന്നതും ശ്രദ്ധേയമത്രേ. ഒന്നാമതായി, "മനുഷ്യർ ഒറ്റ സമദായമായിരുന്നു അവർ ഭിന്നിച്ചപ്പോൾ" എന്നുള്ളത് അദ്ദേഹം തന്റെ മതഗ്രന്ഥത്തെ മറച്ചുവെച്ച് എഴുതിയതോ അതല്ലെങ്കിൽ, തന്റെ അജ്ഞതയിൽ നിന്നു എഴുതിയ മഠയത്തരമോ ആകാം. മനുഷ്യരെ ഭിന്നിപ്പിച്ച് പല സമുദായമാക്കിയത് അല്ലാഹു ആയിരുന്നു എന്നാണ് ഇസ്ലാമിന്റെ മതഗ്രന്ഥമായ ഖുർആൻ പറയുന്നത്. "ഹേ, സമുദായങ്ങളേ, നിങ്ങളിൽ ഓരോ സമുദായത്തിനും ഓരോ നിയമസംഹിതയും നടപടിക്രമവും നാം നിശ്ചയിച്ചു തന്നിട്ടുണ്ട്. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങളെയെല്ലാം ഒരേയൊരു സമുദായമാക്കുമായിരുന്നു. പക്ഷേ അവൻ നല്കിയ വിഭിന്ന നടപടിക്രമങ്ങളിൽ നിങ്ങളെ പരീക്ഷിക്കാൻ വേണ്ടിയാണ് പല സമുദായങ്ങളാക്കിയത്" (ഖുർആൻ 5:48).

മാനവസമൂഹത്തെ പരീക്ഷിക്കാനായി പല സമുദായങ്ങളാക്കിയ അല്ലാഹു ഓരോ സമൂഹത്തിലും കുതന്ത്രങ്ങൾ പ്രയോഗിക്കുവാൻ ദുഷ്ടന്മാരുടെ തലവന്മാരെ നിയമിക്കുന്നതായും കാണുന്നു. "അതുപ്രകാരം ഓരോ നാട്ടിലും കുതന്ത്രങ്ങൾ പ്രയോഗിക്കാനായി അവിടുത്തെ ദുഷ്ടന്മാരിൽ പ്രധാനികളെ നാം നിശ്ചയിച്ചിരിക്കുന്നു. എന്നാൽ സ്വന്തത്തോടു തന്നെയല്ലാതെ അവർ കുതന്ത്രം പ്രയോഗിക്കുന്നില്ല. അതവർ അറിയുന്നില്ല എന്നു മാത്രം"(ഖുർആൻ 6:123).

രണ്ടാമതായി, "അവരിൽ അഞ്ചു പ്രമുഖ ദൂതന്മാരുണ്ടായിരുന്നു" എന്നത് അല്ലാഹു ഒരിക്കലും ചിന്തിക്കാത്തതും അല്ലാഹുവിന്റെ വീക്ഷണത്തിനു വിരുദ്ധവുമായ പ്രസ്താവനയാണ്. അല്ലാഹു പറയുന്നു: "തന്റെ നാഥന്റെ പക്കൽ നിന്നു തനിക്കു ഇറക്കപ്പെട്ടതിൽ അല്ലാഹുവിന്റെ ദൂതൻ വിശ്വസിച്ചു. സത്യവിശ്വാസികളും അതിൽ വിശ്വസിച്ചു. അവരെല്ലാവരും അല്ലാഹുവിലും അവന്റെ മലക്കുകളിലും വേദഗ്രന്ഥങ്ങളിലും ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവന്റെ ദൂതന്മാരിൽ ആർക്കിടയിലും നാം വ്യത്യാസം കാണിക്കുന്നില്ല"(ഖുർആൻ 2:285).

അല്ലാഹുവിന്റെ ദൂതന്മാരിൽ ആർക്കിടയിലും വ്യത്യാസം കാണിക്കുന്നില്ല എന്നു പ്രസ്താവിക്കുമ്പോൾ തന്നെ ദൂതന്മാരിൽ മർയമിന്റെ മകൻ ഈസായെ അവരിൽ നിന്നും വ്യത്യസ്തമായി അല്ലാഹു ശ്രേഷ്ഠനാക്കി ഉന്നതമായ സ്ഥാനം നല്കി ആദരിച്ചതായി ചിത്രീകരിക്കുന്നുമുണ്ട്. സ്വന്തം പ്രസ്താവനയ്ക്കു അല്ലാഹു തന്നെ ഖണ്ഡനവും നല്കിയിട്ടുണ്ട് എന്ന വൈരുദ്ധ്യവും ഖുർആനിലുണ്ടെന്നതാണ് മറ്റൊരു വസ്തുത.

"ആ ദൂതന്മാരിൽ ചിലർക്കു നാം മറ്റു ചിലരെക്കാൾ ശ്രേഷ്ഠത നല്കിയിരിക്കുന്നു. അല്ലാഹു നേരിൽ സംസാരിച്ചിട്ടുള്ളവർ അവരിലുണ്ട്. അവരിൽ ചിലരെ അവൻ പല പദവികളിലേക്കുയർത്തിട്ടുണ്ട്. മർയമിന്റെ മകൻ ഈസാക്ക് നാം വ്യക്തമായ ദൃഷ്ടാന്തങ്ങൾ നല്കുകയും പരിശുദ്ധാത്മാവു മുഖേന അദ്ദേഹത്തിനു നാം പിൻബലം നല്കുകയും

ചെയ്തിട്ടുണ്ട്. (ഖുർആൻ 2:253).

മനുഷ്യർ ഭിന്നിച്ചു പല സമുദായങ്ങളായി എന്നും അവരിൽ അഞ്ചു പ്രമുഖ ദൂതൻമാരുണ്ടായിരുന്നു എന്നും മറ്റുമുള്ള മുഹമ്മദലി മാസ്റ്ററുടെ സിദ്ധാന്തത്തെ അദ്ദേഹത്തിന്റെ ദൈവമായ അല്ലാഹു തന്നെ തള്ളിക്കളഞ്ഞിരിക്കുന്നു. അതവിടെ നില്ക്കട്ടെ.

അടുത്തതായി, നോഹ, അബ്രഹാം, മോശ, യേശു എന്നിവരെ അല്ലാഹു വേദവുമായി അയച്ചു എന്നത് ക്രൈസ്തവർ അംഗീകരിക്കേണ്ട കാര്യമേയല്ല. അത് അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുകയേ നിവൃത്തിയുള്ളു. എന്നാൽ മുഹമ്മദ് നബിയെ വേദവുമായി അല്ലാഹു അയച്ചു എന്നു പറയുവാൻ ഇസ്ലാമിനു അവകാശവും സ്വാതന്ത്ര്യവുമുണ്ട്. അതവരുടെ വിശ്വാസ കാര്യമാണ്. വിശുദ്ധബൈബിളിലെ വിശുദ്ധ പ്രവാചകൻമാരുമായോ സ്രഷ്ടാവും രക്ഷിതാവുമായ യേശുക്രിസ്തുവുമായോ അല്ലാഹുവിനു യാതൊരു ബന്ധവും ഇല്ല എന്നതാണ് യാഥാർത്ഥ്യം.

വിശുദ്ധ ബൈബിളിൽ വെളിപ്പെടുന്ന സർവ്വശക്തനായ ദൈവം തന്റെ ജനമായ യിസ്രായേലിനു ആചരിക്കാനായി ന്യായപ്രമാണം (തോറ) നല്കിയിരുന്നു. സീനായ് പർവ്വതത്തിൽ വെച്ച് യഹോവയായ ദൈവം മോശയിലൂടെ ഇസ്രായേൽ ജനതയ്ക്കു നല്കിയ ആ നിയമം ഉപാധികളോടുകൂടിയതും കാലികവുമായിരുന്നു. "ആകയാൽ നിങ്ങൾ എന്റെ വാക്കു കേട്ടു അനുസരിക്കുകയും എന്റെ ഉടമ്പടി പ്രമാണിക്കുകയും ചെയ്താൽ സകല ജാതികളിലും വെച്ച് നിങ്ങൾ എനിക്കു പ്രത്യേക സമ്പത്തായിരിക്കും. സർവ്വഭൂമിയും എനിക്കുള്ളതല്ലോ. നിങ്ങൾ എനിക്കു രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധജനവും ആയിരിക്കും. ഇവ നീ ഇസ്രായേൽമക്കളോടു പറയേണ്ട വചനങ്ങൾ ആകുന്നു" (പുറപ്പാട് 19:5,6).

''യഹോവ കല്പിച്ചതൊക്കെയും ഞങ്ങൾ ചെയ്യും''(പുറപ്പാട് 19:8) എന്നു ഏകസ്വരത്തിൽ ഏറ്റുപറഞ്ഞു ഇസ്രായേൽ മക്കൾ സ്വീകരിച്ചതാണ് ന്യായപ്രമാണം. മോശൈക ഉടമ്പടിയുടെ അടയാളമായി ശബ്ബത്തും അവർക്കു നല്കി. (പുറപ്പാട് 31:16,17).

പഴയനിയമം എന്നറിയപ്പെടുന്ന മോശൈക നിയമത്തിന്റെ നിവർത്തീകരണമാണ് പുതിയ നിയമം. അവ പരസ്പര പൂരകങ്ങളാണ്. പുതിയനിയമം നല്കുന്നതിലൂടെ പഴയനിയമം സ്വാഭാവികമായും ദുർബ്ബലമാകുമെന്നത് നിസ്തർക്കമാണ്. പുതിയ നിയമം പ്രാബല്യത്തിൽ വരുന്നതിനും നൂറ്റാണ്ടുകൾക്കു മുമ്പേ പുതിയ നിയമം നിലവിൽ വരുന്നതിനെക്കുറിച്ച് പ്രവാചകരിലൂടെ ദൈവം അറിയിച്ചിരുന്നു.

"ഞാൻ ഇസ്രായേൽ ഗൃഹത്തോടും യഹൂദാ ഗൃഹത്തോടും പുതിയോരു നിയമം ചെയ്യുന്ന കാലം വരും എന്നു യഹോവയുടെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കൻമാരെ കൈക്കു പിടിച്ചു മിസ്രയീം ദേശത്തു നിന്നു കൊണ്ടുവന്ന നാളിൽ ഞാൻ അവരോടു ചെയ്ത നിയമം പോലെയല്ല. ഞാൻ അവർക്കു ഭർത്താവായിരുന്നിട്ടും അവർ എന്റെ നിയമം ലംഘിച്ചുകളഞ്ഞു എന്നു യഹോവയുടെ അരുളപ്പാട്. എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഇസ്രായേൽ ഗൃഹത്തോടു ചെയ്വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു. ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും. ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാട്. ഇനി അവരിൽ ആരും തന്റെ കൂട്ടുകാരനെയും തന്റെ സഹോദരനെയും യഹോവയെ അറിയുക എന്നു ഉപദേശിക്കുകയില്ല. അവർ ആബാല വൃദ്ധം എല്ലാവരും എന്നെ അറിയും. ഞാൻ അവരുടെ അകൃത്യം മോചിക്കും. അവരുടെ പാപം ഇനി ഓർക്കുകയും ഇല്ല

എന്നു യഹോവയുടെ അരുളപ്പാട്" (യിരെമ്യാവ് 31:31-34). (എബ്രായർ 8:6-13, 9:11 -22, 10:1-18 എന്നീ വേദഭാഗങ്ങൾ കൂടെ നോക്കുക).

മോശൈക നിയമത്തെ പൂർണ്ണമായി നിവർത്തിച്ചാണ് യേശു അതിനെ നീക്കിയത്. അവിടുന്നു പറയുന്നു: "ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിനു വന്നു എന്നു നിരൂപിക്കരുത്. നീക്കുവാനല്ല നിവർത്തിക്കുവാനത്രേ ഞാൻ വന്നത്" (മത്തായി 5:17). അവിടുന്നു യഹൂദാ ഗോത്രത്തിൽ ജനിച്ചു. (ഉല്പത്തി 49:9-12, മത്തായി 2:1,2). യഹൂദാ ബാലന്മാരെപ്പോലെ അവിടുന്നു 8-ാം നാളിൽ പരിച്ഛേദന ഏറ്റു. (ലേവ്യ 12:1-3, ലൂക്കോസ് 2:21). പെരുന്നാളുകൾ ആചരിച്ചു. (പുറപ്പാട് 23:14-17, യോഹന്നാൻ 5:1, 7:10). പെസഹാ ആചരിച്ചു ((ലൂക്കോസ് 22:7,8). ഒടുവിൽ ന്യായപ്രമാണത്തിന്റെ പൂർത്തീകരണത്തിനായി സ്വന്തജീവനെ മനുഷ്യവർഗ്ഗത്തിനു ബലിയായി നല്കി. (മത്തായി 20:28, യോഹന്നാൻ 10:11). വിശുദ്ധ പൗലോസ് പറയുന്നു: "വിശ്വസിക്കുന്ന ഏവനും നീതി ലഭിക്കാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു" (റോമർ 10:4).

ക്രൈസ്തവ സഭയ്ക്കു ന്യായപ്രമാണമെന്ന കർമ്മാചാരങ്ങൾ ബാധകമല്ല. പരിച്ഛേദനയും, ശബ്ബത്തും, യാഗങ്ങളും, പൗരോഹിത്യവും, പെരുന്നാളുകളും.. ക്രൈസ്താവാചാരങ്ങളല്ല. എന്നാൽ വാഗ്ദത്ത സന്തതിയായ (ഉല്പത്തി 12:1-3) മശിഹായെക്കുറിച്ചുള്ള പ്രവചനം, മശിഹായുടെ വചനങ്ങൾ, അവിടുത്തെ അവതാരം, ജീവിതം, മരണം, പുനരുദ്ധാനം, വീണ്ടും വരവ്.... മുതലായവ രേഖപ്പെടുത്തിയിരിക്കുന്ന മഹത്ഗ്രന്ഥമാകയാൽ ന്യായപ്രമാണം പുതിയനിയമത്തോടൊപ്പം നിലനില്ക്കും. "സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു, ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും വരെ സകലവും നിവർത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞു പോകയില്ല" (മത്തായി 5:18) എന്നാണ് കർത്താവായ യേശുക്രിസ്തു പറഞ്ഞിരിക്കുന്നത്. യാഥാർത്ഥ്യം ഇതായിരിക്കെ പരലോകമോക്ഷത്തിനായി തോറ അനുസരിച്ചു ജീവിക്കാൻ യേശു ജനത്തെ ഉദ്ബോധിപ്പിച്ചു എന്നും പാപമോചനസിദ്ധാന്തം പൗലോസ് കൊണ്ടുവന്നതാണെന്നുമുള്ള മാഷിന്റെ പ്രഖ്യാപനം ബാലിശവും അജ്ഞതയിൽ നിന്നു ഉടലെടുത്ത മൂഢജല്പനവുമാണ്.

ആദാമിന്റെ പാപത്തിന്റെ പരിണിത ഫലമായി മനുഷ്യരെല്ലാം പാപികളായിയെന്നതും ആ പാപത്തിന്റെ പരിഹാരം ക്രിസ്തുവിന്റെ ബലിമരണമാണെന്നുള്ളതും പൗലോസ് കൊണ്ടുവന്ന സിദ്ധാന്തമല്ല. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിനു മുമ്പു തന്നെ അവിടുത്തെ ബലിമരണം പാപികൾക്കു മോചനമാകുമെന്നു ബൈബിൾ പ്രഖ്യാപിച്ചിരുന്നു; പ്രവാചകന്മാർ പ്രവചിച്ചിരുന്നു. യേശുവിന്റെ യാഗമരണത്തെ മുൻകണ്ട് യെശയ്യാവ് വിളിച്ചു പറയുന്നത് കേൾക്കൂ: "എന്നാൽ അവൻ നമ്മുടെ അകൃത്യങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു"(യെശയ്യാവ് 53:5, 1 പത്രോസ് 2:24).

മനുഷ്യൻ പാപിയാണെന്നും പാപത്തിന്റെ ശക്തി അവനെ നിരന്തരം സ്വാധീനിച്ചു കൊണ്ടിരിക്കുന്നു എന്നുമുള്ള ബൈബിൾ പ്രഖ്യാപനം (റോമർ 5:12) ഇന്നു പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നുവെങ്കിലും ആധുനികകാല ഇസ്ലാംമത പണ്ഡിതർ അതിനോടു പുറംതിരിഞ്ഞു നില്ക്കുകയാണ്. ആദാമ്യപാപം എന്നു കേൾക്കുന്നതേ അവർക്കു പുച്ഛമാണ്. മുഹമ്മദലി മാസ്റ്ററുടെ പുസ്തകത്തിന്റെ 34-ാ മത്തെ പേജിൽ ആ പുച്ഛം നമുക്കു ദർശിക്കാവുന്നതാണ്.

"അല്ലാഹു ആദമിനെ സൃഷ്ടിച്ചത് മണ്ണിൽ നിന്നാണ്. അവൻ ആത്മാവിൽ നിന്ന് അതിൽ നിശ്വസിച്ചപ്പോൾ ആദം ജീവനുള്ള മനുഷ്യനായി ത്തീർന്നു. ആദമിൽ നിന്നും ഇണയായി ഹവ്വയെ സൃഷ്ടിച്ചു. മനുഷ്യനിൽ രണ്ടുതരത്തിലുള്ള ഗുണങ്ങളുണ്ട്. നന്മ ചെയ്യാനും തിന്മ ചെയ്യാനും ഉള്ള വാഞ്ചയാണത്. തിന്മ ചെയ്യാനുള്ള വാഞ്ച മുതലെടുത്തുകൊണ്ട് ആദമിനെയും ഹവ്വയെയും ആരാണോ തെറ്റു ചെയ്യിച്ചത് ആ പിശാച് തന്നെയാണ് അവരുടെ സന്താനങ്ങളെയും തെറ്റിലകപ്പെടുത്തുന്നത്. അല്ലാതെ ആദംസന്തതികൾ തെറ്റുചെയ്യുന്നത് ആദാമിക പാപം കൊണ്ടല്ല. അതൊരു പിഴച്ച വാദമായിട്ടാണ് ഇസ്ലാം കാണുന്നത്."

വാസ്തവത്തിൽ 'അതൊരു പിഴച്ച വാദ' മല്ലെന്നു ഇസ്ലാമിക ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ നമുക്കു ബോധ്യപ്പെടും. ഏതൊരു വ്യക്തിയും ജനിക്കുന്നതിനു മുമ്പ് തിന്മയും കൂടെ ചേർത്താണ് അല്ലാഹു സൃഷ്ടിക്കുന്നതെന്നാണ് മതഗ്രന്ഥം പറയുന്നത്. മുഹമ്മദ് നബിയുടെ ശൈശവത്തിൽ നടന്ന ഒരു സംഭവം താരീഖുൽ ഇസ്ലാം വിവരിക്കുന്നത് കേൾക്കൂ: ''രണ്ടാം വയസ്സിൽ തിരുമേനി (സ) യുടെ വയർ കീറപ്പെട്ടതിനെ സംബന്ധിച്ച് പല അഭിപ്രായങ്ങൾ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഒരു ഹദീസിൽ ഇപ്രകാരം പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. "കുട്ടിക്കാലത്ത് ഞാൻ ബനൂഇസ്രാഈൽ ഗോത്രക്കാരുടെ കൂടെയായിരിക്കുമ്പോൾ ഒരു ദിവസം രണ്ടാളുകൾ എന്നെ സമീപിച്ചു. അവരിൽ ഒരാളുടെ കയ്യിൽ ഹിമജലം നിറച്ച ഒരു സ്വർണ്ണപ്പാത്രം ഉണ്ട്. അവർ എന്നെ പിടിച്ചു, എന്റെ വയർ കീറി എന്റെ ഹൃദയം പുറത്തെടുത്ത് ആ ഹൃദയവും കീറി അതിൽ നിന്നു കറുത്ത ഒരു ചോരക്കട്ട യെടുത്ത് പുറത്തു കളഞ്ഞു. (ഹൃദയം പുറത്തെടുത്ത് കഴുകി അതിൽ അറിവും വിശ്വാസവും നിറച്ച് എന്നിപ്രകാരവും മൂന്നാളുകൾ വന്നു എന്റെ വയർ കീറി എന്റെ കുടലുകൾ എടുത്ത് കഴുകി പിന്നെ ഹൃദയം എടുത്ത് കീറി കറുത്ത ഒരു മാംസ പിണ്ഡം എടുത്ത് നീക്കി എന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.) ഇതെല്ലാം ഞാൻ നോക്കിക്കണ്ടു. ഒരു വിധത്തിലുള്ള വേദനയും എനിക്കനുഭവപ്പെട്ടില്ല. ഹൃദയത്തിൽ ഒളിവ് നിറച്ച് അവർ മുറി കൂട്ടി. അവരുടെ കയ്യിൽ പ്രോജ്ജ്വലമായ ഒരു മുദ്ര ഞാൻ കണ്ടു. അവർ എന്റെ ഹൃദയത്തിനു മുദ്രവെച്ചു. ഹൃദയത്തിനു മുദ്ര വെച്ചപ്പോൾ ഒരു ആനന്ദം സർവ്വാംഗം വ്യാപരിച്ചു.. .." ഹള്ളു ശൈത്താൻ എന്നു പറയപ്പെടുന്ന ഒരു ചോരക്കട്ട എല്ലാ മനുഷ്യരുടെ ഹൃദയത്തിലും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ആ തിന്മയെ തിരുമേനിയുടെ ഹൃദയത്തിൽ നിന്നു നീക്കിക്കളയുന്നതിനു വേണ്ടിയാണ് തിരുമേനിയുടെ ഹൃദയം കീറപ്പെട്ടത്. തിരുമേനിയുടെ ഹൃദയത്തിൽ ഇലാഹിയായ രഹസ്യജ്ഞാനങ്ങൾ നിറക്കുകയും മലക്കുകൾ ആ ഹൃദയത്തിനു മുദ്ര വെക്കുകയും ചെയ്തു. തിരുമേനിയുടെ ഹൃദയം അഞ്ചു പ്രാവശ്യം കീറപ്പെട്ടതായി പ്രസ്താവിച്ചിട്ടുണ്ട്. ഹള്ളു ശൈത്താൻ എന്ന ഇബിലീസിന്റെ കേന്ദ്രമായ രക്തക്കട്ട നബി(സ)തിരുമേനിയുടെ ഹൃദയത്തിൽ അല്ലാഹു പടച്ചതിന്റെ രഹസ്യം എന്തെന്ന് ഇമാം സുബ്കീ (റ)വോട് ഒരാൾ ചോദിച്ചു. സൃഷ്ടിപ്പിന്റെ പരിപൂർണ്ണതയ്ക്കു വേണ്ടി അല്ലാഹു തിരുമേനിയുടെ ഹൃദയത്തിൽ അതു പടക്കുകയും തിരുമേനിയുടെ ബഹുമാന്യതയുടെ പരിപൂർത്തിക്കു വേണ്ടി തിരുമേനിയുടെ ഹൃദയത്തിൽ നിന്നു നീക്കുകയും ചെയ്തുവെന്ന് അദ്ദേഹം മറുപടി നല്കി" (താരിഖുൽ ഇസ്ലാം, ഇസ്ലാമിക ചരിത്ര നിർമ്മാണ സമിതി, പ്രസാധകർ: ആമിനാ ബുക്ക് സ്റ്റാൾ തൃശൂർ, പേജ് 52,53).

അടിവരയിട്ട ഭാഗം ദയവായ് വായനക്കാർ ശ്രദ്ധിച്ചു നോക്കുക. ഹള്ളു ശൈത്താൻ എന്ന ഇബിലീസിന്റെ കേന്ദ്രമായ രക്തക്കട്ട മുഹമ്മദ് നബി ഉൾപ്പെടെയുള്ള സകലമാന മനുഷ്യരുടെയും ഹൃദയത്തിൽ

പിറവിക്കു മുമ്പേ അല്ലാഹു സൃഷ്ടിച്ചിട്ടുണ്ടെന്നും സൃഷ്ടിപ്പിന്റെ പരിപൂർണ്ണതയ്ക്കു വേണ്ടിയാണ് അങ്ങനെ ചെയ്തതെന്നും ഇസ്ലാമിക ചരിത്രകാരന്മാർ പറയുമ്പോൾ സകല മനുഷ്യരും പാപികൾ (റോമർ 3:10-18) എന്ന ബൈബിൾ പ്രഖ്യാപനത്തിൽ നിന്നു ഒരുപടി കൂടെ കടന്നു മനുഷ്യവർഗ്ഗത്തെ ഗ്രസിച്ചിരിക്കുന്ന തിന്മയുടെ ഭീകരതയെ തുറന്നു കാണിക്കുകയല്ലേ?

മറ്റൊരു വസ്തുത കൂടെയുണ്ട്. അല്ലാഹു മുഹമ്മദ് നബിയുടെ ഹൃദയത്തെ കീറി തിന്മയെ നീക്കം ചെയ്തു എന്നു എഴുതിയിരിക്കുമ്പോൾ പാപപരിഹാരത്തെ പുച്ഛിക്കുന്ന മുഹമ്മദലി മാസ്റ്റർ ഉൾപ്പെടെയുള്ള സകല മനുഷ്യരും തിന്മയുടെ രക്തക്കട്ടയും ചുമന്നുകൊണ്ടാണ് ഇന്നു ജീവിക്കുന്നതെന്നു പകൽപോലെ വ്യക്തമാകുന്നു. വിശുദ്ധ ബൈബിളിനെതിരെ ശക്തിയോടെ ഓങ്ങിയ വാൾ ഇരട്ടി ശക്തിയോടെ ഓങ്ങിയവരുടെ നേരെ പാഞ്ഞുകേറുന്ന ദയനീയമായ കാഴ്ചയാണു നാം കാണുന്നത്.

മറ്റൊരു യാഥാത്ഥ്യം കൂടെയുണ്ട്. മുഹമ്മദ് നബിയുടെ ഹൃദയം അഞ്ചു പ്രാവശ്യം കീറി തിന്മയെ നീക്കം ചെയ്തിട്ടും അദ്ദേഹം തിന്മയിൽ നിന്നും വിമുക്തനായില്ലെന്നാണ് അല്ലാഹു പറയുന്നത്: "നിന്റെ പാപത്തിൽ നിന്നു മുമ്പ് കഴിഞ്ഞു പോയതും പിന്നീട് ഉണ്ടാകുന്നതും അല്ലാഹു നിനക്കു പൊറുത്തു തരുന്നതിനു വേണ്ടിയും അവന്റെ അനുഗ്രഹം നിനക്ക് നിറവേറ്റിത്തരുന്നതിനു വേണ്ടിയും നിന്നെ നേരായ പാതയിലൂടെ നയിക്കുന്നതിനു വേണ്ടിയുമായിരുന്നു അത്" (ഖുർആൻ 48:2).

"ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്നു നീ മനസ്സിലാക്കുക. നിന്റെ പാപത്തിന് നീ പാപമോചനം തേടുക. സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനം തേടുക). നിങ്ങളുടെ പോക്കുവരവും നിങ്ങളുടെ താമസവും അല്ലാഹു അറിയുന്നുണ്ട്" (ഖുർആൻ 47:19). അല്ലാഹുവിന്റെ കൽപ്പനയെ ഏറ്റെടുത്തുകൊണ്ട് പാപമോചനത്തിനായി മുഹമ്മദ് നബി പ്രാർത്ഥിക്കുന്നതു കൂടെ കാണുക. "അലിയ്യുബ്നു അബീത്വാലിബിൽ നിന്ന്: റസൂൽ നമസ്ക്കാരത്തിനു നിന്നാൽ പ്രാർത്ഥിക്കുമായിരുന്നു. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവന് ഋജുമാനസനായും കീഴ്വണങ്ങിയവനായും എന്റെ മുഖം സമർപ്പിക്കുന്നു. ഞാൻ ബഹുദൈവാരാധകരിൽപ്പെട്ടവനല്ല. എന്റെ നമസ്ക്കാരവും ബലികർമ്മങ്ങളും ജീവിതവും മരണവുമെല്ലാം ഒരു പങ്കുകാരനുമില്ലാത്ത സർവ്വലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു. ഞാൻ അനുവർത്തിക്കാൻ കൽപ്പിക്കപ്പെട്ടത് ഇതാകുന്നു. ഞാൻ മുസ്ലീംകളിൽപ്പെട്ടവനാകുന്നു. അല്ലാഹുവേ, നീയാകുന്നു രാജൻ. ഇലാഹായി നീയല്ലാതെ ആരുമില്ല.നീ എന്റെ രക്ഷിതാവും ഞാൻ നിന്റെ ദാസനുമാകുന്നു. ഞാൻ എന്നോടു അക്രമം കാണിച്ചിരിക്കുന്നു. എന്റെ കുറ്റം ഞാൻ ഏറ്റുപറയുന്നു. അതിനാൽ എന്റെ എല്ലാ പാപങ്ങളും നീ എനിക്കു പൊറുത്തുതരേണമേ. പാപങ്ങൾ പൊറുക്കുന്നവൻ നീയല്ലാതെയില്ല. നീ എന്നെ സൽസ്വഭാവങ്ങളിലേക്ക് വഴി നയിച്ചാലും. ഏറ്റവും നല്ല സ്വഭാവത്തിലേക്ക് നയിക്കുന്നവൻ നീയല്ലാതെയില്ല. മ്ലേച്ഛസ്വഭാവങ്ങൾ എന്നിൽ നിന്നു നീ നീക്കിക്കളയേണമേ. മ്ലേച്ഛമായത് എന്നിൽ നിന്നു നീക്കിക്കളയുന്നവൻ നീ മാത്രമാകുന്നു. നിന്റെ സംപ്രീതി കാംക്ഷിച്ച് ഞാനിതാ ഹാജരായിരിക്കുന്നു. നന്മയത്രയും നിന്റെ കൈകളിലാകുന്നു. തിന്മയിലേക്ക് ചേരുകയില്ല. ഞാൻ ഉണ്ടായത് നീ മൂലമാകുന്നു. ഞാൻ മടങ്ങുന്നതും നിന്നിലേക്കാകുന്നു. അനുഗ്രഹപാരമ്യം നീയാകുന്നു. ഔന്നത്യസർവ്വസ്വവും നീയാകുന്നു. ഞാൻ നിന്നിലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും നിന്നോട് പാപമോചനം തേടുകയും ചെയ്യുന്നു" സ്വഹീഹു മുസ്ലീം,

(ശേഷം പേജ് 34ൽ....)